20118

C. K. Kumaran
Killikolloor
Quilon

THE

# Baratha Deepam.

1. Equality, 2. Liberty, 3. Fraternity Mainly devoted to Relegious, Social Moral, and Educational Topics.

# ഭാരതദീപം.

സമത്വം, സ്വാതന്ത്ര്യം, സഹോദരത്വം.

പുസ്തകം ൧. } ൧൦൯൬ ധനുമാസം } ലക്കം ൩.

## വിഷയവിവരം.

൧. മംഗളം.
൨. ഏകദൈവവിശ്വാസം
൩. ഹിന്ദുദൈവങ്ങൾ
൪. കേസരിയും മാറായിയും
൫. ഭാവഭേദം (പദ്യം)
൬. ആധുനികപരിഷ്കാരവും വേദാന്തവും.
൭. ശാരദാസ്തവം.
൮. രണ്ടു പദ്യം (ചെറുകഥ)
൯. പത്രാധിപക്കുറിപ്പുകൾ

Edited by *Sadhu Sivaprasad Avl.*
പത്രാധിപർ സാധു ശിവപ്രസാദ് അവർകൾ.
Edited by Sadhu Sivaprasad Avl.

# ഒരു അപേക്ഷ

മാന്യമഹാജനങ്ങളേ,

ഞങ്ങൾ മാന്യവരിക്കാരിൽനിന്നും വി. പി. കൾ അയച്ച
പണം ഈടാക്കാൻ വിചാരിച്ചതിൽ വളരെ നൈരാശ്യത്തിന
ണ് ഇടയായത്. അഞ്ചൽ പ്യൂൺമാർ കാണിക്കുന്ന നിഷ്ക
ണതകൊണ്ടോ എന്തോ—അതുകൊണ്ടു ഇനിമുതൽ ഞങ്ങളുടെ
സ്ഥിരവരിക്കാർക്കു വി. പി. അയയ്ക്കാതെമാസിക അയയ്ക്കാന
വിചാരിക്കുന്നത്. മാസിക കൈപ്പററിയാൽ ഉടൻഅവരവർ അ
യ്ക്കുവാനുള്ള വരിസംഖ്യ മണിയാഡർവഴി അയച്ചുതന്നു ഞങ്ങളെ
വേണ്ടവിധം സഹായിക്കണമെന്നും മാസികയുടെ നിലനില്പി
നുവേണ്ടി പുതിയ വരിക്കാരെ ചേർക്കുന്നതിനും പണം പിരിക്കു
ന്നതിനും ടി പത്രപ്രവർത്തകന്മാരിൽ ഒരാളായ ഇടമുറ്റത്തു [illegible]ൽ
സി കൊച്ചുപിള്ളവൈദ്യരവർകൾ നാനാസ്ഥലങ്ങളിലും സഞ്ച
രിക്കുന്നതാണെന്നും തദവസരത്തിൽ എല്ലാ മാന്യജനങ്ങ
അവരവർ അടക്കാനുള്ള വരിസംഖ്യകൊടുത്തു രസീതു വാങ്ങി
ക്കൊള്ളണമെന്നും ഇതുമൂലം അറിയിച്ചുകൊള്ളുന്നു.

എന്ന് മാനേജർ.

---


# കരപ്പുറം

ഈഴവസമുദായാഭ്യുന്നതിയെ പുരസ്കരിച്ചും; രാജ്യകാര്യ
ങ്ങളെപ്പററി വിമർശിച്ചും മുഖംനോക്കാതെയുള്ള പത്രാധിപക്കുറി
പ്പുകളും ഒന്നാന്തരം ലേഖനങ്ങളും കവിതകളും പതിവായി പ്ര
സിദ്ധംചെയ്യുന്ന ഒരു ഉൽകൃഷ്ടമാസിക. വാർഷികവരിസംഖ്യ
രൂ ണ. മാത്രം എപ്പോഴും മുൻകൂർ.

കെ സി കുട്ടൻ
"കരപ്പുറം" മാനേജർ
ചേർത്തല. തിരുവിതാംകൂർ

20118

# OM.

1. There is only one God, who is the creator, preserver and saviour of this world He is spirit, Everlating and Almighty, wisdom and love justice and holiness, omnipresent, eternal and blissfnl

2. The human swnl is immortal and capable of infinite progress and is responsible to God for its doings.

3. Man's happiness in this and the next world consists in worshipping God in spirit and in truth.

4. Loving God, holding communion with him and carrying out his will in all the concerns of life constitute trne worship.

. No created object is to be worshipped as God and God alone is to be considered as infallible

# ഓം.

൧. ദൈവം ഏകനാകുന്നു. അവൻ തന്നെ സൃഷ്ടിസ്ഥിതിമോക്ഷഹേതുവായിരിക്കുന്നു. അവൻ അനന്തശക്തിമാനും ജ്ഞാനനിധിയും, പ്രേമമയനും, നീതിജ്ഞനും, വിശുദ്ധനും, സർവ്വവ്യാപിയും സനാതനനും, ആനന്ദമയനും ആകുന്നു.

൨. മനുഷ്യാത്മാവ് നിത്യനും അനന്തമായ പരിണാമത്തിന് അർഹനും അതിന്റെ സർവ്വപ്രവൃത്തികൾക്കും ഈശ്വരന്റെ മുമ്പാകെ ഉത്തരവാദിയുമാകുന്നു.

൩. ഇഹത്തിലും പരത്തിലും ഈശ്വരനെ സത്യമായും അദ്ധ്യാത്മമായും ആരാധിക്കുന്നതുതന്നെയാണ് മനുഷ്യാത്മാവിന് ആനന്ദം നൽകുന്നത്.

൪. ഈശ്വരനെ സ്നേഹിക്കുക. അവനുമായി സംസർഗ്ഗംചെയ്യുക. എല്ലാജീവിതദശയിലും അവന്റെ ആജ്ഞയെ നിറവേററുവാൻ ശ്രമിക്കുക ഇവയാകുന്നു യഥാർത്ഥമായ ഈശ്വരപൂജ.

൫. സൃഷ്ടിക്കപ്പെട്ടവയായ ഒരുവസ്തുക്കളേയും ഈശ്വരനായി ആരാധിച്ചുകൂടാത്തതാകുന്നു. ഈശ്വരനെയല്ലാതെ മററുയാതൊന്നിനേയു പൂർണ്ണമായോ കുററമററതായോ കരുതിക്കൂടാത്തതാകുന്നു.

# ഭാരതദീപം

C. K. Kumaran

പുസ്തകം ൧: } ൧൦൯൮ ധനുമാസം { ലക്കം ൩

## മംഗളം.

ആശയ്യ്കത്തിത്തിരിയുംതമസ്സിൻ
വ്യാസക്തിപാറാത്തദശാനുഷംഗാൽ
ഭാസിക്യമേറുന്നജനംചുഴന്നു
ഭാസിക്കണം"ഭാരതദീപ"മേവം.

സരസകവി മൂലൂർ എസ്സ്. പത്മനാഭപ്പണിക്കർ.

## ഏകദൈവവിശ്വാസം

ഓം ബ്രഹ്മവാഏകമിദമഗ്രമാസീത്
നാന്യത് കിഞ്ചിദാസീത് തദിതം സർവ്വമസൃജത,

ആദിയിൽ ബ്രഹ്മംഒന്നുമാത്രം ഉണ്ടായിരുന്നു. ആ ഒന്നല്ലാതെ മററുയാതൊരുവസ്തുക്കളും ഉണ്ടായിരുന്നില്ല. ആ ബ്രഹ്മം ഈ കാണുന്ന സർവ്വത്തേയും സൃഷ്ടിച്ചു. (ബ്രാഹ്മധർമ്മബീജം) പൌരസ്ത്യരുടെ ഇടയിൽ നിന്നുമാണു് ആത്മജ്ഞാനദീപംപാശ്ചാത്യദേശങ്ങളിലേക്കു് പ്രചരിച്ചിട്ടുള്ളതു്. ഇവിടെ എത്രയോ സ്വാതന്ത്ര്യചിന്താശീലന്മാരായ മഹാമനസ്കന്മാർ ജീവിച്ചിട്ടുണ്ടായിരുന്ന ആ ചരിത്രങ്ങളുടെ ആദിമഘട്ടങ്ങളിൽ ഇതരദേശീയരുടെ കാരണവന്മാർ മൃഗനിർവ്വിശേഷം വനങ്ങളിൽ ശരീരമാസകലം പച്ചയുംകുത്തി നടക്കുകയായിരുന്നു. ഗ്രീസ്സ്, ഈജിപ്തു, ബാബിലോണിയാ, റോം ഇവിടങ്ങളിലൊക്കെ ആത്മജ്ഞാനമഹാദീപത്തേയും കൊണ്ടു് ശ്രീബുദ്ധന്റെയധിരഥിന്മാരായഭിക്ഷുക്കൾ പോയിട്ടുണ്ടെന്നും അതുതന്നെ ക്രിസ്ത്വാബ്ദത്തിനു് എത്രയോ മുമ്പായി

രുന്നുവെന്നും തെളിയിക്കുന്ന ചരിത്രങ്ങൾക്ക് ഇക്കാലത്ത് യാതൊരു കുറവും ഇല്ല. നമ്മുടെ ഭാരതഭൂമിയിൽ ജീവിച്ചിരുന്ന ആ ശ്രുതിഹൃദയന്മാരായ ആര്യന്മാർ സിന്ധുനദീതീരത്ത താമസിച്ചിരുന്ന കാലംമുതൽ അവരുടെ ഇടയിൽ ക്രമശഃ ക്രമശഃ പലപല മാററങ്ങളും ഉണ്ടായിട്ടുള്ളകൂട്ടത്തിൽ മതസംബന്ധമായ കാര്യങ്ങളിലും പരിവർത്തനങ്ങൾ വന്നുകൊണ്ടിരുന്നു. ഒന്നാമതായി പഞ്ചഭൂതങ്ങളേയും ക്രമേണ അവയ്ക്കെല്ലാം കാരണഭൂതനായ ചൈതന്യസ്വരൂപനേയും അവർ വണങ്ങിത്തുടങ്ങിയതു എങ്ങിനെയാണെന്ന് ഋഗ്വേദത്തെ സ്വല്പം മറിച്ചുനോക്കുന്നതായാൽ നമുക്ക് കാണാവുന്നതാകുന്നു. എല്ലാകാലങ്ങളിലും പാമരന്മാരായ ജനങ്ങളുടെ ആചാരങ്ങളേയും കർമ്മവിധാനങ്ങളേയും അതിക്രമിച്ച ചില വിശ്വലോകാന്തഃകരണന്മാരും നിർമ്മത്സര ബുദ്ധികളും ധീമാന്മാരായ ചിന്താശീലന്മാരുമുണ്ടായിരിക്കും. വൈദികകാലത്ത വിഗ്രഹാരാധനയില്ലായിരുന്നു. എങ്കിലും അവർ പഞ്ചഭൂതങ്ങളെ ഈശ്വരന്മാരായി ആരാധിക്കയും യജ്ഞം, ബലി മുതലായവ അനുഷ്ഠിക്കയും ഋക്കുകളെ ഓതി അവരുടെ പ്രീതിക്കായി പ്രാർത്ഥിക്കയും ചെയ്തുപോന്നിരുന്നു. പക്ഷേ ചിന്താശീലന്മാർ വർദ്ധിച്ചുവന്നതോടുകൂടി ഈ പാമരന്മാരുടെ മതം മാറി അതിൽനിന്നും ഏകനായ പരമേശ്വരന്റെ ഉപാസനയാകുന്ന വിശ്വധർമ്മം സംജാതമായി.

യോ ദേവോഗ്നൗ യോപ്സു
യോവിശ്വം ഭുവന മാവിവേശ
യ ഓഷധിഷു യോവനസ്പതിഷു
തസ്മൈദേവായ നമോനമഃ

യാതൊരുദേവൻ അഗ്നിയിലും അപ്പിലും ഈ ലോകത്തെങ്ങും അധിവസിക്കുന്നുവോ യാതൊരുദേവൻ വനങ്ങളിലെ ഔഷധങ്ങളിലും ധാന്യങ്ങളിലും ഗൂഢസ്വരൂപനായിരിക്കുന്നുവോ ആ ദേവനായികൊണ്ടു നമസ്കാരം. ബഹുദൈവങ്ങളില്ലെന്നും എല്ലാ ചേതനാചേതന വസ്തുക്കളിലും നിഗൂഢമായി സർവ്വാനസ്യൂതമായി ചൈതന്യാത്മകനായ ഒരു അചിന്ത്യവും അപ്രതർക്ക്യവും അപ്രമേയവുമായ ശക്തിയുണ്ടെന്നും അതാണ് പരബ്രഹ്മമെന്നും ഈ ഇന്ത്യയിലെ പർവ്വതങ്ങളിൽനിന്നും നദീതീരങ്ങളിൽനിന്നും ശാന്തിനികേതനങ്ങളായ ഋഷ്യാശ്രമങ്ങളിൽനിന്നും മുഴങ്ങികൊണ്ടിരുന്ന ആ വൈദികകാലത്തേപ്പററി ഓർക്കുമ്പോൾ തന്നെ സത്യലോകനിവൃതിയെ ഒരു ലേശമായിട്ടെങ്കിലും അനുഭവിക്കുക

യില്ലാ? ഏതുമനുഷ്യൻെറ ഹൃദയകമലത്തിൽ നിന്ന് "ഏകോദേവ സർവ്വഭൂതേഷു ഗൂഢഃ സർവ്വവ്യാപീ സർവ്വഭൂതാന്തരാത്മാ" എന്നുള്ള ഉപനിഷൽ മന്ത്രത്തിൻെറ പ്രതിധ്വനി മുഴങ്ങാതെ ഇരിക്കും? ഈശ്വരൻ ഏകനാകുന്നു. എന്ന പരമതത്വം ശ്രോതാക്കൾക്കു മുമ്പേതന്നെ സഹജബോധം കൊണ്ടുതന്നെ നമുക്കെല്ലാവർക്കും ശരിയെന്നുതോന്നുന്നു. അനേകം സർവ്വശക്തന്മാരും പരിപൂർണ്ണന്മാരുമായ ദൈവതങ്ങൾ ഉണ്ടെന്നുള്ളതു കേൾക്കുമ്പോൾ തന്നെ കർണ്ണകഠോരമായും അസംഭാവ്യമായും നമുക്കു തോന്നുന്നു. മഴയും മഞ്ഞും കാററും എല്ലാം എല്ലാമനുഷ്യർക്കും ഒരുപോലെ പ്രദാനംചെയ്തു എല്ലാവരേയും രക്ഷിക്കുന്ന ഒരു ദൈവമല്ലാതെ ഓരോരാവർഗ്ഗക്കാർക്കും ഓരോരോ ദൈവങ്ങളുണ്ടെന്നു പറയുന്നതു അജ്ഞാനത്തിൻെറ കാഠിന്യമാകുന്നു. ഒരു മഹാശക്തിയുടെ ആജ്ഞെക്കു കിഴടങ്ങി ഈ സൌരചക്രത്തിലെ സമസ്തഗോളങ്ങളും ചലിക്കപ്പെടുന്നു. ആ മഹൽശക്തിയെ അതായതു വാക്കിനും മനസ്സിനും എത്താൻ കഴിയാത്തതും പ്രേമം കൊണ്ടു ആലിംഗനം ചെയ്യാവുന്നതുമായ ആ ദിവ്യതേജോമയനെയാണ് ഹിന്ദുക്കൾ ബ്രഹ്മമെന്നും മുഹമ്മദീയർ അള്ളയെന്നും ക്രിസ്ത്യർ സ്വർഗ്ഗസ്ഥനായ പിതാവെന്നും ബൌദ്ധന്മാർ മഹാബോധിയെന്നും, യഹൂദന്മാർ യഹോവായെന്നും സൊരാഷ്ട്രമതക്കാർ അഹുറാമസ്ദിത് എന്നും ഇനിയും ചില തത്വജ്ഞന്മാർ The uknown and unknowable അതായതു അറിഞ്ഞിട്ടില്ലാത്തതും അറിവാൻ കഴിയാത്തതുമായതെന്നും പല പല നാമങ്ങളാൽ പുകഴ്ത്തി പോരുന്നതു. ഈ മനോമോഹയമായ സൃഷ്ടിയുടെ വൈചിത്ര്യങ്ങളെ നോക്കുന്തോറും നാം ഏകനായ ആ മഹാപ്രഭുവിൻെറ അസീമമായ വൈഭവങ്ങളെ ഓർത്തു നിരതിശയ സുഖത്തിൽ മുങ്ങാതിരിക്കയില്ല. ഏകനായ ആ വിശ്വേശൻെറ ഉപാസന ഒന്നുകൊണ്ടു മാത്രമേ നമുക്കു പരിണാമശ്രേണിയുടെ പരമാവധിയായ പരമാനന്ദപ്രാപ്തിയെ അടവാൻ സാധിക്കയുള്ളൂ. ഈശ്വരൻ സർവ്വവസ്തുക്കളുടെയും സൃഷ്ടികർത്താവാകുന്നു. സൃഷ്ടിക്കപ്പെട്ട ഒരു വസ്തുവും അവൻ ആകയില്ല. എല്ലാവസ്തുക്കളിലും അവൻെറ ജീവചൈതന്യം വിലസുന്നുണ്ടെങ്കിലും അവ ഓരോന്നും എപ്പോഴും അപൂർണ്ണമായിത്തന്നെ ഇരിക്കുന്നതുകൊണ്ടു പൂർണ്ണനായ അവനാകയില്ല. അവനെ മാത്രമേ മനുഷ്യരായ നാം ആരാധിക്കാവൂ എന്നു ഋഷികൾ നമ്മെ പഠിപ്പിച്ചിരിക്കുന്നു.

"ഏകസ്യൈതസ്യൈവോപാസനയാ
പാരത്രികമൈഹികം ച ശുഭം ഭവതി"

ഏകനായ ഈശ്വരന്റെ ഉപാസനയാൽമാത്രമേ പാരത്രികവും ഐഹികവുമായസുഖം ഭവിക്കുന്നുള്ളൂ. സൃഷ്ടിക്കപ്പെട്ടതായ വസ്തുക്കളെ ദൈവമായി ആരാധിക്കുന്നതു ഒരു മഹത്തായ ദൈവദൂഷണമാകുന്നു. ദൈവത്തെ ഓർമ്മിപ്പിക്കുവാൻ വേണ്ടതായ ചിഹ്നങ്ങളാണെന്ന വ്യാജേന സ്വാർത്ഥികളായ ദുർവൃത്തന്മാർ മനുഷ്യരുടെ ധനം പിടിച്ചുപറിക്കുവാൻവേണ്ടി കോവിലുകളെ തീർത്തു അതിൽ പലപല മന്ത്രതന്ത്രങ്ങളെ കാട്ടിക്കൂട്ടുന്നു. ഈശ്വരനുണ്ടെന്നുള്ള അറിവിനും ഈശ്വരസ്മരണക്കും നാം ചിഹ്നങ്ങളെ സൃഷ്ടിക്കുന്നത് എന്തിനാണ്? ഈ വിശ്വത്തിലെ സൂര്യചന്ദ്രനക്ഷത്രങ്ങൾ തുടങ്ങി റോട്ടുവഴികളിൽ ആരുംസൂക്ഷിക്കാത്തവിധം വളരുന്ന നിസ്സാരതൃണസഞ്ചയങ്ങൾപോലും അവനെ ഓർമ്മിപ്പിക്കുന്ന മഹാചിഹ്നങ്ങളല്ലേ! നോക്കുക. ഈ സുവിശാലമായവിശ്വമന്ദിരത്തിലെ അത്ഭുതങ്ങൾ! പ്രഭാതവേളയിൽ അരുണകിരണം ഉദിച്ചുവരുന്നതും പുതുപൂക്കളുടെ സുഗന്ധവുംകൊണ്ട് ആ ലോലവായു മന്ദമായി വീശിക്കൊണ്ടിരിക്കുന്നതും പക്ഷികൾ ഉത്സാഹത്തോടുകൂടി മൃദുമനോഹരമായ ഗാനങ്ങൾ പാടുന്നതും പുതുപൂക്കൾ മഞ്ഞിൻകുളികഴിഞ്ഞ് മന്ദസ്മിതംതൂകികൊണ്ട് സൂര്യനെ എതിരേൽക്കുവാൻ എന്നപോലെ മൃദുതല്പംപോലെയുള്ള തളിരുകളുടെ ഇടയിൽകൂടി ഒളിഞ്ഞുനോക്കുന്നതും തങ്ങളുടെ പരിമളധോരണിയെക്കൊണ്ട് ഗന്ധവാഹാനിലനെന്ന ദിവ്യനാമം വായുവിന്ന് നൽകി ഈശ്വരസന്താനങ്ങളായ മനുഷ്യരുടെ നാസാപുടങ്ങളെ ശുശ്രൂഷിക്കുന്നതും ഉയർന്നവൃക്ഷങ്ങളുടെ ശാഖകളിൽനിന്ന് പുഷ്പവൃഷ്ടികൾ ഭൂമിയിലേക്ക് നിപതിക്കുന്നതുംആമ്പൽപൊയ്കകളിലും നളിനികളിലും ഹംസരാജന്മാർ കേളിയാടുന്നതും അനേകം തരത്തിലുള്ളഫലങ്ങൾ വൃക്ഷങ്ങളുടെ ഉന്നതങ്ങളായ ശാഖകളിൽനിന്ന് ആഞ്ഞുലഞ്ഞു ചാഞ്ചാടുന്നതും ഒക്കെക്കണ്ടാൽ ഈ വിശ്വദേവാലയത്തിലെ ദീപാരാധന ഇതല്ലെന്നുപറവാൻ ആർക്കുസാധിക്കും? ആകാശമാകുന്ന വെള്ളിത്തട്ടിൽ പ്രഭാതസൂര്യൻ സാവധാനത്തിൽ തലപൊക്കുന്നതും എരിഞ്ഞുകൊണ്ടു സാവധാനത്തിൽ ഉയരുന്നതും വിചിത്രവസ്തുക്കളിൽഉള്ള പൂവാടകൾ ചുറ്റിയ പൈങ്കിളികൾ ആകാശമണ്ഡലത്തിൽ ചുററിപാററി ദേവദേവശരണ കീർത്തിക്കുന്നതും കുസുമവല്ലികളെല്ലാം ചാഞ്ഞ് ദിവ്യാനിശം പുഷ്പാഞ്ജലി ചെയ്തുകൊണ്ടിരിക്കുന്നതും സ്വച്ഛനീലിമചേർന്ന ആകാശമേക്കട്ടിമേൽ സൽഗുണ്ടുകളെപ്പോലെ മിന്നിത്തിളങ്ങിനിൽക്കുന്ന അനന്താനന്തഗോളങ്ങളേയും കണ്ടാൽ ഈ വിശ്വദേവാലയത്തിലെ ദീപാരാധന ഇതല്ലെന്നു

ആർ പറയും? ഈ നമ്മുടെ സൗരചക്രത്തിൻ മാദ്ധ്യവർത്തിയായി നില്ക്കുന്ന സൂര്യൻെറ ചുററും യാതൊരു അവലംബവുംകൂടാതെ നേമിതസ്ഥാനങ്ങളിൽ നിന്നുതിരിയുന്ന ഗോളങ്ങളേയും അവയുടെ യാഥാത്മ്യങ്ങളേയുംപററി നാം ആലോചിക്കുമ്പോൾ സൃഷ്ടികർത്താവായ പ്രഭുവിൻെറ ചരണങ്ങളിൽ നാം എത്തുന്നില്ലേ? ഓരോരോ ഗോളങ്ങളും ഇന്നഇന്ന സ്ഥലങ്ങളിൽ നില്ക്കണമെന്നുള്ള അവൻെറ സങ്കല്പശക്തി എത്രകേമം? അവ നില്ക്കുന്ന സ്ഥലങ്ങളിൽ നിന്നു സ്വല്പം വ്യതിചലനമുണ്ടാകാമെങ്കിൽ എത്ര ഭയങ്കരങ്ങളായ കല്പാപങ്ങൾക്കും അപകടങ്ങൾക്കും കാരണമാകും? ഇതിൽ നിന്നെല്ലാം നാം ഈശ്വരൻെറ അപാരവും അനന്തവുമായ ചിത്ശക്തിയെ അറിയുന്നു. അവൻെറ സങ്കല്പമാത്രംകൊണ്ടു ഉത്ഭൂതമായതും അചിന്ത്യങ്ങളായ മഹിമാവിശേഷങ്ങളുടെ കൂത്തുരംഗമായതും ആയ ഈ ലോകമാകുന്ന മഹാരംഗം പ്രഥമകന്യകയുടെ വസ്ത്രാക്ഷേപത്തിനു ശ്രമിച്ച ദുശ്ശാസനനെപ്പോലെ നമ്മെ ഏവരേയും പിന്നേയുംപിന്നേയും ലജ്ജിതന്മാരാക്കി ആശ്ചര്യപരതന്ത്രന്മാരാക്കി അഹംകാര രഹിതന്മാരാക്കി, വിനയശീലന്മാരാക്കി തലതാഴ്ത്തിപ്പിച്ചു നമസ്കരിക്കുന്നു. അറിയുന്തോറും എനിയും അറിയാനുണ്ടു. ഇതേവരെ ഒന്നുമറിഞ്ഞില്ലെന്നുള്ള മനോഭാവം നമുക്കു ഓരോരുത്തർക്കും ഉണ്ടാക്കിത്തീർക്കുന്നു. ഈ വിശ്വമന്ദിരം ലോകൈകനാഥൻെറ തൂലികാചലനവൈചിത്ര്യത്തിൻെറ ഒരു മഹത്തായ സ്ഫുടീകരണമാകുന്നു. ഈ കിഞ്ചിജ്ജ്ഞന്മാരായമനുഷ്യരുടെ ഇടയിൽനിന്നും തലപൊക്കി പ്രസിദ്ധിനേടുന്നകവികുഞ്ജരന്മാരുടെ തൂലികകൾക്കൊ ചിത്രകാരന്മാരുടെ ബ്രഷുകൾക്കൊ ഒരിക്കലും പരിപൂർണ്ണമായി പ്രകാശപ്പെടുത്തുവാൻ സാധിക്കുകയില്ല. അത്ര കേമമായി ഈ വിശ്വം ഈശ്വരമഹിമയെ ഗംഭീരമായി പ്രസംഗിച്ചുകൊണ്ടിരിക്കുന്നു. ഈശ്വരനുണ്ടെന്നു തോന്നിക്കുവാൻ വേണ്ടി വിഗ്രഹങ്ങളേയൊ പ്രതിമകളേയോ പ്രതീകങ്ങളേയൊ നാം സൃഷ്ടിക്കേണമെന്നില്ല. സൃഷ്ടികർത്താവിൻെറ സൃഷ്ടിവൈചിത്ര്യംതന്നെ അതിനെ നിമിഷംപ്രതി പെരുമ്പറ അടിച്ചു ഘോഷിച്ചുകൊണ്ടിരിക്കുന്നു. ഒരുഭാഗത്തു ആകാശത്തെ ഉല്ലംഘിക്കുന്ന ഉയൎന്ന പർവ്വതശൃംഗങ്ങൾ അഹമഹമികയാ നഭോമണ്ഡലത്തിലെ നക്ഷത്രങ്ങളെ എത്തിപിടിച്ചുചുംബിക്കുവാൻ പോകുന്നപോലെ മേഘസംഘലംഘകളാകുന്ന കൊടിക്കൂറകളെ പാറിച്ചുകൊണ്ടു അതാ ഉയൎന്നുപോകുന്നു. മറെറാരുഭാഗത്തു കല്ലോലജാലവിലസിതമായ സമുദ്രങ്ങളും പതയുംകൊണ്ടു ധവളീകൃതമായി നമ്മുടെ ഭൂമീദേവിയുടെ വിചിത്രതരമായ ഭൂഷണങ്ങളാ

നം പോലെ സവിശേഷം ശോഭിക്കുന്നു. എന്നിയും മറെറാരുഭാഗത്തു നോക്കുക. വെളുത്തും ചുമന്നും, മഞ്ഞളിച്ചും ഉള്ള അനേകം മുകിൽമാലകൾ പർവ്വതശൃംഗങ്ങളെ ചുററിപ്പിണഞ്ഞു കാററിൽ അലഞ്ഞുലഞ്ഞു നല്ല യുദ്ധവീരന്മാരുടെ കുന്തങ്ങളിലുള്ള കൊടിക്കൂറകളിന്മേൽനിന്നു ഇടയ്ക്കിടെ ചില മിന്നൽ പിണരുകൾ-നവരത്നഖചിതമായ ആ കൊടികൾ സൂര്യപ്രകാശത്തിൽ മിന്നുമ്പോൾ എന്നപോലെ പുറപ്പെടുന്നതും അതു മഴത്തുള്ളികളെ വർഷിപ്പിക്കുന്നതും, എത്ര ആശ്ചര്യകരങ്ങളായിരിക്കുന്നു. രാത്രികാലങ്ങളിൽ സ്വച്ഛനീലിമ ചേർന്ന ആകാശം ശോഭിക്കുമ്പോൾ മഹാസ്വാമികളുടെ മാനസകുമുദങ്ങളെ അല്പാല്പം വികാരപ്പെടുത്തുന്നതും, വികാസപ്പെടുത്തുന്നതും ആയ പുഞ്ചിരിക്കൊണ്ടും കൊണ്ടു പൂനിലാവിന്റെ സുന്ദരാനനം മൂടുപടത്തിൽ കൂടി നമ്മെ നോക്കുന്ന ഒരു യോഷാമണിയെപ്പോലെ പരിലസിക്കുന്നു. അതു നമ്മോട്ടു ഉപനിഷത്ത് രഹസ്യങ്ങളെ അതിന്റെ വദനാചലേന്ദുവേ തുറന്നു മന്ദമന്ദമായി വിനക്ക്ളിപ്പിക്കുന്നു. എന്നുള്ളതു പണ്ഡിതന്മാർക്കു, മറച്ചുവെയ്ക്കുവാൻ സാധിക്കുമോ? എന്നിയും ഒരുത്തുടം നോക്കൂ! ഇത്ര മനോഹരമായിത്തിളങ്ങുന്ന ആ സുന്ദരാനനം നമ്മുടെ ഭൂമിയെപ്പോലെ കുന്നും, കുണ്ടും നിറഞ്ഞ ഒരു ചെറിയ ഗോളം മാത്രമാണെന്നു സൂക്ഷ്മപരിശോധനയിൽ നാം ഗ്രഹിക്കുന്നു. എന്നി നാം ആ ഗോളത്തിൽ പോയി നമ്മുടെ ഭൂമിയെ നോക്കിയാൽ അതും ചന്ദ്രനെപ്പോലെ തന്നെ ഏററവും സുഭഗമായും, സൗഷ്ഠവമായും ഉള്ള ഒരു മഹാസുന്ദരാനനം ആയിരിക്കയില്ലേ. ആഹാ! എന്തത്ഭുതം! ആലോചനയ്ക്കു ഇത്ര ശക്തിയും ഇത്ര വൈശിഷ്ട്യവും ഇത്ര ഉയർച്ചയും, മറേറതു പുസ്തകപാരായണത്തിൽ നിന്നു നമുക്കുണ്ടാകും? ഇത്ര അനന്തങ്ങളായ ആശ്ചര്യങ്ങൾക്കു ഹേതുഭൂതനായ ആ സുന്ദരമൂർത്തിയെ നാം ഏററവും സങ്കുചിതനാക്കി ഒരു കല്ലിൽ പ്രതിഷ്ഠിക്കുന്നു എന്നു പറയുന്നതു മനുഷ്യപുഴുക്കളായ നമുക്കു എത്രമാത്രം അഹങ്കാരമുണ്ടെന്നുള്ളതിനെ ദ്യോതിപ്പിക്കുന്നതല്ലാതെ ഭക്തിയുടെ കണികപോലും പ്രത്യക്ഷപ്പെടുത്തുന്നില്ല. ഒരു മിണ്ടാത്ത കല്ലിനേക്കാൾ അവന്റെ മഹിമയെ വാഴ്ത്തുന്നതു ജീവചൈതന്യമുള്ള പ്രാണിവർഗ്ഗങ്ങളും ഈ സുവിശാലമായ വിശ്വമന്ദിരവുമാകുന്നു. നാനാവർണ്ണങ്ങളിലുള്ള ചിത്രശലഭങ്ങളും പക്ഷികളും മൃഗസഞ്ചയങ്ങളും, ഫലവൃക്ഷങ്ങളും, ധാന്യങ്ങളും ഒക്കെ ഈശ്വരൻ ഉണ്ടെന്നു വിളിച്ചുപറയുന്ന ഓരോ മഹത്തരങ്ങളായ വിഗ്രഹങ്ങളാകുന്നു. സ്വയംഭൂവായി, ഏററവും ഉന്നതങ്ങളായി ഹൃദയാവർജ്ജകങ്ങളായി, ഹൃദയത്തിനു ആശ്വാസവും, ആനന്ദവും

നില്ക്കുന്നവയായി നമ്മുടെ ദൃഷ്ടികൾക്കുമുമ്പെ പരിലസിക്കുന്ന ഓരോ പൎവ്വതങ്ങളും അവന്റെ മഹിമയെ ഘോഷിക്കുന്ന ജയസ്തംഭങ്ങളും വിഗ്രഹങ്ങളും ആണെന്നുനാംഗ്രഹിക്കുന്നുവെങ്കിൽഅതിൽനിന്നും പൊടിഞ്ഞു വീഴുന്ന പാറക്കഷണങ്ങളെ ഒരു മനുഷ്യപ്പുഴുനാട്ടുന്നതിൽ എന്തു മാഹാത്മ്യമാണുള്ളതു്? പൎവ്വതങ്ങൾ നമ്മുടെ മുമ്പാകെ ഈശ്വരന്റെ സ്വന്തം ഹസ്തങ്ങളാൽ നാട്ടപ്പെട്ടതായി നാം കാണുന്നില്ലെ? അവയുടെ മുകളിൽനിന്നു് മഞ്ഞിൻ കട്ടകൾ ഉരുകി വളഞ്ഞും പുളഞ്ഞുംകൊണ്ടു് തീവണ്ടിപോലെ നമ്മുടെ നേരെ ഒഴുകി വരുന്നതും അമലസ്ഫടികസങ്കാശ ശരീരികളായ ആ ഗംഗാദേവിമാർ നമ്മോടുരയ്ക്കുന്നു. ആ സന്ദേശവാക്യങ്ങളെ നാംഗ്രഹിക്കുന്നതുമൂലമായാൽ വിഗ്രഹാരാധനാഖണ്ഡനങ്ങളെപ്പററി മനുഷ്യപ്പുഴുക്കൾ പ്രസംഗിക്കുന്നതും, കേവലം അനാവശ്യകമായിത്തന്നെ പരിണമിക്കുന്നു. വിഗ്രഹാരാധനയെപ്പററിയുള്ള ഖണ്ഡനവും മണ്ഡനവും രണ്ടും പ്രകൃതിതന്നെ സാധിക്കുന്നു. ഈ ഗംഗാദേവിമാർനമ്മോടുരക്കുന്ന സന്ദേശവാക്യങ്ങളെ കേൾക്കുക. "ഹേ, ഈശ്വരസന്താനങ്ങളെ ഇതാ ഞങ്ങൾ നിങ്ങളുടെ അടുക്കൽ വന്നിരിക്കുന്നു. ഞങ്ങൾക്കു് ഒരുമഹത്തായ സന്ദേശമാണുള്ളതു്. നിങ്ങൾ ചെവിതന്നുകേട്ടാലും! ഞങ്ങൾ പറയുവാൻ പോകുന്നതു് ഞങ്ങളുടെ സ്വന്തം കൃതിയല്ല. അതു നിങ്ങളുടെ ഹൃദയനാഥനായ പ്രാണവല്ലഭന്റെ സന്ദേശമാകുന്നു. ഞങ്ങളെ അയച്ചിട്ടുള്ളതു് അവനാകുന്നു. ഞങ്ങളിൽ മുങ്ങി നിങ്ങളുടെ തനുസംശുദ്ധിവരുത്തികൊൾവിൻ! അതിന്നു് നിങ്ങളോട്ടു് ഞങ്ങൾ യാതൊന്നും പ്രതിഫലമായി ആഗ്രഹിക്കുന്നില്ലാ. നിങ്ങൾ ഞങ്ങളെ പുകഴ്ത്തണ്ട, ആരാധിക്കേണ്ട, സ്തുതിക്കേണ്ട, മുഖസ്തുതിപാടണ്ട. നിങ്ങൾക്കു് കൃതജ്ഞതയുണ്ടെങ്കിൽ-സ്നേഹമുണ്ടെങ്കിൽ ഈശ്വരൻ തന്നാബുദ്ധിയുണ്ടെങ്കിൽ—നിങ്ങൾ ഈ അനുഭവിക്കുന്നഅനുഗ്രഹങ്ങൾക്കായി സൎവ്വേശ്വരനോട്ടു് സ്നേഹമുള്ളവരായിരിപ്പിൻ. നിങ്ങളുടെസ്നേഹംകൊണ്ടും, പ്രാൎത്ഥനകൊണ്ടും, ആരാധനകൊണ്ടും പ്രഭുവിനു് യാതൊരു ഗുണവും ഉണ്ടാകേണ്ടതില്ല. നിങ്ങൾക്കു ഗുണംവേണമെങ്കിൽ ഈശ്വരനെ ആരാധിച്ചാൽമതി. ഏററവും വലിയഈശ്വരാരാധനഈശ്വരന്റെ സന്താനങ്ങളായ നിങ്ങൾക്കു നിങ്ങൾതന്നെചെയ്യുന്ന നന്മയാകുന്നു. ഈശ്വരസന്താനങ്ങളായ പ്രാണിവൎഗ്ഗങ്ങൾക്കു സ്വാൎത്ഥത്യാഗത്തോടുകൂടി നിങ്ങൾ ചെയ്യുന്ന നന്മയാണു് ഏററവും വലിയ ഈശ്വരാരാധന. ഞങ്ങളോട്ടു് പ്രഭു അങ്ങനെ കല്പിച്ചിരിക്കുന്നു. അതുകൊണ്ടാണു് ഈ ഞങ്ങൾ എല്ലായ്പ്പോഴും

"സ്വാർത്ഥത്യാഗ ഗീതം" പാടി നിങ്ങളെ ഏവംവിധം ശുശ്രൂഷിച്ചുകൊണ്ടിരിക്കുന്നതു്. അതുകൊണ്ടു് ഞങ്ങളുടെ ഈ സന്ദേശത്തെ നിങ്ങൾ സാവധാനം അനുഷ്ഠിപ്പിൻ. ഞങ്ങൾക്ക് ഞങ്ങൾ ചെയ്യുന്നതായ നന്മകളെപ്പററി തിരിഞ്ഞുനോക്കുവാൻ പോലും സമയമില്ല. ഞങ്ങൾ ഇതാ പോകുന്നു. "ഉത്സാഹം ഉത്സാഹം, ഉത്സാഹം." ഇതുതന്നെയാണു് ഞങ്ങൾക്ക് നിങ്ങളോടുള്ള സന്ദേശം. ഞങ്ങൾക്ക് നിങ്ങളുടെ പരമലക്ഷ്യമായ സമുദ്ര സംഗമം ഏതുപോലെ ഞങ്ങളുടെ സർവ്വപ്രവൃത്തികളുടേയും ഉത്സാഹങ്ങളുടേയും കാഷ്ഠയായിരിക്കുന്നുവോ, അതുപോലെ നമ്മുടെ ഏവരുടേയും ചരമകാഷ്ഠയുംകരുണാകടലായ ദേവദേവേശനാകുന്നു. അവനെ അണയുവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ എപ്പോഴും ഉത്സാഹമുള്ളവരായിരിപ്പിൻ. ആ ഉത്സാഹം സ്വാർത്ഥത്താൽ പ്രേരിതമായിരിക്കരുതു്. സ്വാർത്ഥം പിശാചാകുന്നു. അതിന്റെ വലയിൽ നിങ്ങൾ ഒരിക്കലും പെട്ടുപോകരുതു്. ഞങ്ങൾ എന്നുമാത്രമല്ല നമ്മുടെ ചുററുമുള്ള സകല തരുലതാസോദരങ്ങളും നമ്മുടെ കണ്ണുകൾക്കു അത്യാനന്ദം നൽകിമന്ദഹസിച്ചുകൊണ്ടു് ഇതാ "സ്വാർത്ഥത്യാഗ ഗീതത്തെ ഉച്ചൈസ്സ്വരംഗാനം ചെയ്യുന്നു."

സ്വാർത്ഥനാശസ്സുവൈരാഗ്യം
ബ്രഹ്മൈമരേവം പ്രകീർത്തിതെ,

സ്വാർത്ഥനാശമാണു് യഥാർത്ഥസന്യാസവും വൈരാഗ്യവും എന്നു് ബ്രഹ്മവിത്തുക്കൾ ഘോഷിക്കുന്നു.

ഈ ഗാനത്തെ കേട്ടമഹാന്മാർആകുന്നു ഇന്ത്യയിലെ എന്നുമാത്രമല്ല ലോകത്തിലെമതനേതാക്കന്മാരായഋഷിപുംഗവന്മാർ ഈ ഗീതമാണു് അവരെ മഹാത്മക്കളാക്കിയതു്. ഈ ഗീതമ ണു് അവരെമഹർഷിന്മാരാക്കിയതു്. ഇതാണുഅവരെകൊണ്ടു ഇങ്ങനെ പാടിച്ചിട്ടുള്ളതു്.

„ഏതാവാനസ്യമഹിമാതേ
ജ്യായാംശ്ചപുരുഷഃ" ഈ മന്ത്രം അവരുടെ വിടർന്നതാമരപ്പൂപോലെയുള്ള ഹൃദയങ്ങളെ ഈശ്വരന്റെ വിശ്വരൂപകോവിലുകളാക്കിത്തീർത്തു. അവർ എങ്ങും ഈശ്വരനെക്കണ്ടു. എല്ലാം അവർക്ക് ഈശ്വര മഹിമയെ വാഴ്ത്തുന്ന വിഗ്രഹങ്ങളായിരുന്നു. പുതിയവിഗ്രഹങ്ങളുടെ സൃഷ്ടിയുടെ അനാവശ്യ

കർത്തയെ അവർ കണ്ടു. അവർ ബ്രാഹ്മവിത്തുക്കളായിതീൎന്നു. ബ്രഹ്മാനന്ദം അനുഭവിച്ചു. അക്ഷയപദവിയെ അനുഭവിച്ചു കൃതകൃത്യരായി. നാമും അവരെ പിൻതുടൎന്ന് അവർ പഠിപ്പിച്ച മാൎഗ്ഗങ്ങളിൽകൂടി അനുയാനം ചെയ്താൽ നിശ്ചയമായും നാമും അവരെപോലെ കൃതകൃത്യരായി ബ്രഹ്മാനന്ദപാനം അനുഭവിക്കുന്നവരായി ശോഭിക്കും.

ഓം. ശാന്തി, ശാന്തി

---

# ഹിന്ദുദൈവങ്ങൾ.

---

കെ. അയ്യപ്പൻ ബി. എ.

ഹിന്ദുമതത്തിലെ ദേവകളുടെ ഒരു സെൻസസ് എടുക്കുന്നതു വളരെ രസകരമാണ്. ആകെ സംഖ്യ മുപ്പത്തിമുക്കോടി ചില്വാനം. അതിൽ ഈശ്വരിമാരും ഈശ്വരന്മാരും ഒന്നാംതരം: ദേവന്മാരും ദേവിമാരും രണ്ടാംതരം. ഇവക്കുംതാഴെ മനുഷ്യരുടെമേലെയായി നാവരിക്കപ്രമാണത്തിൽ ചിലതരക്കാരുണ്ട്. ഒന്നാംക്ലാസുകാരെമാത്രമെ പ്രത്യേകം വിവരിക്കുന്നൊള്ളൂ. ഒരു ദേവനും മരണമില്ല. എന്നാൽ ചില ദേവന്മാൎക്ക ജനനംഉണ്ട്. ഈശ്വരന്മാരിലും ഈശ്വരിമാരിലും ചിലർ ജനനവും മരണവും ഇല്ലാത്തവരാണ്. ചിലൎക്ക ജനനംഉണ്ട്. നമ്മേപ്പോലെയൊ കൂടുതലായൊ ഭാൎയ്യമാരും കുട്ടികളും ഈശ്വരന്മാൎക്കുമുണ്ട്. ചിലരുടെ ചരിത്രത്തിൽ വലിയ നേരംപോക്കിനുവകകാണും. ഒരാൾ പെണ്ണില്ലാഞ്ഞിട്ടു മകളെത്തന്നെ കല്യാണംകഴിച്ചു. അദ്ദേഹത്തിന്റെ ഫീററൺവണ്ടിവലിക്കുന്നതു താറാവാണ്! ഇദ്ദേഹം ആദ്യം പഞ്ചാനനായിരുന്നു. ഒരുകള്ളം പറഞ്ഞതുകൊണ്ടു ഒരു തല അയൽവീട്ടുകാരൻ നുള്ളിക്കളഞ്ഞു. അന്നുമുതൽ ചതുരാനനനായി. വേറൊരീശ്വരൻ ലോകം രക്ഷിക്കാനുള്ള ഏററ ആളാണ്. ലോകത്തെ നന്നാക്കാൻവേണ്ടി പലതുംനോക്കി. മീനായി, ആമയായി, പന്നിയായി, ഒന്നിച്ചു മൃഗവും മനുഷ്യനുമായി, മനുഷ്യക്കുട്ടിയായി, മുഴുമനുഷ്യനായി, എന്നിട്ടും ലോകം നന്നാകാ

തെ ഒന്നുംവേണ്ടെന്നുവച്ചു പാമ്പിൻപുറത്തു ഉറക്കമായി. ഉറക്കമായെങ്കിലും എപ്പോഴും രണ്ടുഭാര്യമാർകൂടെയുണ്ട്. പിന്നെ ഒരീശ്വരൻ പാതിയും മനുഷ്യന്റെ ഭാര്യക്കുമാത്രം തന്നിക്കും വേണമെന്നാക്കി. എന്നിട്ടും തലയിൽ ഒരു ഭാര്യയെ ഒളിച്ചുവയ്ക്കാതെ മൂപ്പർക്കു നിവൃത്തിയില്ല. ഇതാം മഹാദരിദ്രൻ കാളവണ്ടിയിലാണ്. സവാരി. ഒരീശ്വരൻ മഹാസരസനാണ്. ഇയാളാം ഒരു കിഴവൻ മഹർഷിയുടെ യുവതിയായ ഭാര്യയെപ്പറ്റിക്കാൻ കള്ളക്കോഴി കൂവി. മഹർഷി തൊണ്ടിയോടുകൂടി കള്ളനെപ്പിടിച്ചു. വിദ്വാന്റെ ദേഹത്രയും ഛാക്കിട്ടുവിട്ടു. വേറൊരീശ്വരൻ കണ്ട വീട്ടിലൊക്കെ കയറിയിറങ്ങും. പതിനാറായിരത്തിയെട്ടുകൊണ്ടും അയാൾക്കു തൃപ്തിയായില്ല. പ്രകൃതിവിരുദ്ധാകാരവും ഈശ്വരന്മാർക്കു ദുർല്ലഭമല്ല. ഒരീശ്വരൻ ആനമോറൻ, പെരുവയറൻ. എലിയാണു അങ്ങേരുടെ അറബിക്കുതിര. ഈശ്വരിമാരുടെ കഥയ്ക്കും രരസമുണ്ട്. സാപത്ന്യത്തിൽ ജീവിക്കുന്നതുകൊണ്ടു അവർക്കു കലഹവും കിറുകിറുപ്പും ഒഴിഞ്ഞിട്ടു നേരമില്ല. എങ്കിലും ദുർന്നടത്തക്കാരാരും അവരിലില്ലാത്തതു ഭാഗ്യമാണ്. ഒരീശ്വരി മഹാഭയങ്കരിതന്നെ. ആട്ടുംകോഴിയും എത്രകിട്ടിയാലും തൃപ്തിയില്ല. മൂപ്പത്തിയാർക്കു വസൂരികൃഷിയിൽ വലിയ ഉത്സാഹമാണത്രെ. ഈശ്വരന്മാർക്കും ഈശ്വരിമാർക്കും തീണ്ടലും തൊടീലുംകൂടെയുണ്ട്. അതാണു കഷ്ടാരംഭം.

ഈവക ഈശ്വരന്മാരും ഈശ്വരിമാരുമാണു് ഇന്നും ഹിന്ദുക്കളുടെ ആരാധനാവിഷയമായുള്ളത്. ഈശ്വരാരാധനയുടെ പരമപ്രയോജനം ഉൽകൃഷ്ടമായ ഐശ്വര്യാനന്ദവും തദ്വാരാ ആത്മോൽക്കർഷത്തിന്റെ അഭിവൃദ്ധിയുമാണു്. എന്നാൽ മേല്പറഞ്ഞ രീതിയിലുള്ള വിരൂപന്മാരുടെയും ദുശ്ശീലന്മാരുടെയും പക്ഷപാതികളുടെയും തിണ്ടിക്കള്ളന്മാരുടെയും ആരാധനയിൽ അങ്ങനെയിരിക്കുന്ന ആത്മോൽക്കർശചിന്ത ഉള്ളതുകൊണ്ടാണു്. കഷ്ടാർജ്ജിതമായ ധനവ്യയവും ജുഗുപ്സാവഹവുമായ ആരാധനം വേറെയുണ്ടോ? ഈ ആരാധനാമാതൃകയാണെ ഹിന്ദുക്കൾക്കു അഭിവൃദ്ധിയുണ്ടാകയില്ല. ഇതിലൊക്കെ വലിയ ആന്തരാർത്ഥം ഉണ്ടെന്നും അതു അറിയാത്തവരാണു് അതിനെ കുറ്റംപറയുന്നവരെന്നും ഉള്ളവാദം ഹിന്ദുക്കൾക്കു സഹജമാണ്. ഇതിൽ ഒരു വാസ്തവമുണ്ട്. ഈ ഈശ്വരന്മാരും ഈശ്വരിമാരുമൊക്കെ ചില സൂക്ഷ്മതത്വങ്ങളെ സ്ഥൂലീകരിച്ചുകാട്ടുന്ന കവികല്പനയുടെ സൃഷ്ടികളാണെന്നു ആലോചിക്കുന്നവർക്കു എളുപ്പം മനസ്സിലാകും. വിഷ്ണുവിനെത്തന്നെയെടുക്കുക. വിഷ്ണു ലോകം രക്ഷിക്കുന്ന ഒരു ശക്തിയാണ്. ലോ

കരക്ഷയ്ക്കു ധനം ആവശ്യമാണ്. അതുകൊണ്ടു വിഷ്ണു ലക്ഷ്മിയെ വേട്ടു. ഗരുഡൻ ജ്ഞാനത്തിന്റെ അടയാളമായിരിക്കണം. ഭദ്രകാളിയെ എടുക്കുക. കാളി തമോഗുണത്തിന്റെ സ്ഥൂലീകരണമാണ്. നാശമാണല്ലൊ തമോഗുണധർമ്മം. സർവ്വനാശസൂചകമാണ് കാളിയുടെ ഭയങ്കരരൂപം. കൃഷ്ണനെ എടുക്കുക. കൃഷ്ണൻ ഗരുഡന്റെ പുറത്തുകയറി പ്രാഗ്ജ്യോതിഷപുരത്തിൽ ചെന്നു എട്ടുചുറ്റുള്ള കോട്ടകടന്നു നരകനെ കൊന്നു. അവന്റെ അധീനത്തിൽ കിടന്ന പതിനാറായിരത്തിയെട്ടുസ്ത്രീകളെ രക്ഷിക്കുന്ന കഥയിലെ ഗരുഡൻ ജ്ഞാനവും പ്രാഗ്ജ്യോതിഷപുരം മനസ്സും നരകൻ നരകപ്രദം (ദുരിതം) പാപം. കോട്ടകൾ അഹങ്കാരാദികളും സ്ത്രീകൾ ആത്മാക്കളും ആകുന്നെന്നതിനു സംശയമില്ല. ഇന്ദ്രന്റെ അഹല്യാജാരത്വത്തിനും നല്ല അർത്ഥമുണ്ട്. ഇതു വൈദികകാലത്തെ ഒരു കഥയാണ്. ഇന്ദ്രനെ അഹല്യാജാരൻ എന്നു വേദത്തിൽ സ്തുതിച്ചിട്ടുണ്ട്. അവിടെ ഇന്ദ്രൻ ഉദയസൂര്യനാണ്. അഹല്യ രാത്രിയാകുന്നു. ഹല്യം ഹലവ്യാപാരപ്രിയമായ (കലപ്പ ഉപയോഗിക്കാവുന്നതായ) സമയം അതായതു പകൽ. അതല്ലാത്തതു അഹല അതു രാത്രി. രാത്രിയെ ജരിപ്പിക്കുന്നവൻ (നശിപ്പിക്കുന്നവൻ) അഹല്യാജാരനാണല്ലൊ. പുരാണകാലത്തു ഈ കഥയ്ക്കു വലിയ മാറ്റം വന്നിട്ടുണ്ട്. സൂര്യൻ ഇന്ദ്രനായി. രാത്രി ഗൌതമപത്നിയുമായി. ഇതുപോലെ ഭാരതത്തിൽ ഒരു നല്ല ആചാര്യനായ ശ്രീകൃഷ്ണൻ ഭാഗവതത്തിൽ വെറും വിടനാകുന്നു. ഇങ്ങനെ പൌരാണികദേവന്മാരുടെ കഥകൾക്കു അന്തരാർത്ഥം കണ്ടുപിടിക്കേണ്ടതാണെന്നു സമ്മതിക്കാം. പക്ഷെ അതുകൊണ്ടെന്തു പ്രയോജനം? അതു പണ്ഡിതന്മാർക്കേ സാധിക്കൂ. ഈ ഈശ്വരന്മാരുടെ കഥകളുടെ തത്വം കണ്ടുപിടിക്കുന്നവർ പിന്നെ ഒരു നിലയിലും ആ ഈശ്വരന്മാരെ ആരാധിക്കയില്ല. ആരാധിച്ചിട്ടു കാര്യവുമില്ല. ഈ അർത്ഥങ്ങൾ കണ്ടെത്താൻ കഴിയാത്ത ജനസാമാന്യം ഈശ്വരന്മാരെപ്പറ്റിയുള്ള പൌരാണികകഥകൾ അക്ഷരംപ്രതി യഥാർത്ഥമായിട്ടാണ് വിശ്വസിക്കുന്നത്. അത്രമാത്രമേ അവർക്കു സാധിക്കയുള്ളൂ. കൃഷ്ണനെ പച്ച വ്യഭിചാരിയായിട്ടാണു അവർ അറിയുന്നതു. കൃഷ്ണന്റെ വ്യഭിചാരത്തെ അവർ ലീലയായിട്ടു തള്ളിയിരിക്കുന്നു എന്നൊരു വിശേഷം ഉണ്ട്. ധ്യാതാവ് ധ്യേയം ആകുമെന്നാണല്ലൊ സിദ്ധാന്തം. അതുകൊണ്ടു ഈ ദേവന്മാരെ സേവിക്കുന്ന മനുഷ്യരും അവരെപ്പോലെ ആകാനാണെളുപ്പം. വ്യഭിചാരിയെ ധ്യാനിക്കുന്നവൻ വ്യഭിചാരിയാകും കള്ളനെ ധ്യാനിക്കുന്നവൻ കള്ളനാകും കൈക്കൂലിക്കാരെ

നെധ്യാനിക്കുന്നവൻ ക്രൂരനാകും തിണ്ടിക്കള്ളിക്കാരനെ ധ്യാനിച്ചാൽ തിണ്ടിക്കള്ളിക്കാരനാകും. ഇതൊക്കെ അനുഭവംകൊണ്ടും നമുക്കൂഹിക്കാം. കൊടുങ്ങല്ലൂർ ഭരണിക്കു പോകുന്ന വെളിച്ചപ്പാടന്മാരെല്ലാം ഉഗ്രതയിലും ബീഭത്സതയിലും ഒരുവിധം ചെറിയ ഭദ്രകാളിമാരല്ലയോ. സുബ്രഹ്മണ്യക്കോവിലിൽ കാവടികെട്ടി തുള്ളുന്നവർ ഒരുവക വേലന്മാർ തന്നെ. ൟ ദേവന്മാരുടെ മാതൃകകളിൽ പൌരാണികന്മാർ പലതും ഉൽകൃഷ്ടമായ ആദർശങ്ങൾ അടക്കിവെച്ചിട്ടുണ്ടെന്നിരുന്നാലും അവയിലെ ബാഹ്യങ്ങളും നീചങ്ങളും ജുഗുപ്സാവഹങ്ങളുമായ ഭാഗങ്ങളിലാണ് ബഹുജനങ്ങളുടെ ശ്രദ്ധപതിയുന്നത്. അങ്ങനെ അവരുടെ മതം അവരെ ദുഷിപ്പിക്കുന്നു: അധഃപതിപ്പിക്കുന്നു. മനംപോലെയത്രെ മംഗല്യം. ചിത്തയ്യാനിഷ്ഠപോലെ ചിന്തയാകും. ഹിന്ദുക്കളുടെ ശക്തി ക്ഷയിച്ച് അവർ ഒന്നാകെ, മറ്റും ജേതൃ രജ്യധരായതിന്റെ ഒരു കാരണം ൟ പൌരാണിക ദേവാരാധനയാണെന്നതിന് തർക്കമില്ല. ജനസാമാന്യത്തിന് ൟ മാതിരി ദേവന്മാരെ മാത്രമെ സങ്കല്പിക്കുവാൻ സാധിക്കു എന്നൊരു വാദമുണ്ട്. കുടം സമുദ്രത്തിൽ മുക്കിയാലും കുടത്തിൽ കൊള്ളുന്നതെ എടുക്കു. പശു ദൈവത്തെ സങ്കല്പിച്ചാൽ പശുവിന്റെ ആകൃതിയിൽ സങ്കല്പിക്കും. എന്നൊക്കെയാണു ആ വാദക്കാരുടെ ന്യായങ്ങൾ. മനുഷ്യൻ മനുഷ്യനെപ്പോലെ ഒരു ദൈവത്തെ സങ്കല്പിച്ചുകൊള്ളട്ടെ. അത് ഒരുവിധം സമ്മതിച്ചുകൊടുക്കാം. അതു ഒരു നല്ല മനുഷ്യന്റെ ആകൃതിയിലും പ്രകൃതിയിലും പാടില്ലെന്നുണ്ടോ? എന്തന്നോയല്ല, ഇപ്പോഴത്തെ കപടാകൃതിയിലുള്ള ൟശ്വരന്മാരെ സങ്കല്പിക്കുന്നത് അത്ര എളുപ്പമല്ല. അനേക തലമുറയായിട്ടു പഠിച്ചതുകൊണ്ട് എളുപ്പമായി തോന്നുകയാണ്. ഇതിലും ഏറ്റവും എളുപ്പമായി തോന്നുകയാണ്. സർവ്വശക്തനും, സർവ്വകാരുണികനും, സർവ്വജ്ഞനുമായി ലോകം കാത്തുരക്ഷിക്കുന്ന ഒരു ദൈവത്തെ സങ്കല്പിക്കുന്നതിന് ഒരു സംശയവുമില്ല. ഇപ്പോഴത്തെ ൟശ്വരന്മാരെ മുഴുവൻ ഓർത്തിരിക്കണമെങ്കിൽ കുറെ അധികം സമയംവേണം. അതുകൊണ്ടാണ് ജോലിയുള്ളവർ ആ ൟശ്വരന്മാരെ ഓർക്കുന്നതിനു വേണ്ടിത്തന്നെ വേറൊരു വേലയുമില്ലാത്ത ഒരുകൂട്ടരെ കൂലിക്ക് നിറുത്തിയിരിക്കുന്നത്.

ഏതുമാതിരി ദൈവങ്ങളും ഒരുവക അന്ധവിശ്വാസ ഫലമാണെന്നും സമ്മതിച്ച് പിന്നെ ഏതു ദൈവമായാലും രക്ഷക്കെടില്ലെന്നും വച്ചു പൌരാണികദേവന്മാർ രക്ഷകൊടുക്കുന്നു എ

കൂട്ടരുണ്ടു്. അവരുടെ വാദവും വാദത്തിനുവേണ്ടി സമ്മതിച്ചുകൊടുക്കാം. എന്നാൽ ജനങ്ങൾക്കു് അനൈക്യവും ദോഷവും ഉള്ള അന്ധവിശ്വാസത്തിനുപകരം ഐക്യവും ഗുണവുമുള്ള അന്ധവിശ്വാസം എടുക്കുകയല്ലയോ നല്ലതു്. ഏതുവഴിക്കു് നോക്കിയാലും ഹിന്ദുക്കൾ ഈവക ഈശ്വരന്മാരെയും, ചെകുത്താന്മാരെയും പ്രേതങ്ങളെയും, സൂൎയ്യചന്ദ്രനക്ഷത്രങ്ങളെയും, പശു, പാമ്പു, പരുന്തു് മുതലായ ജന്തുക്കളെയും, നദികളെയും, സാളഗ്രാമം മുതലായ കല്ലുകളെയും ദൈവികമായി ഇന്നും ആരാധിക്കുന്നതു ഒരു മഹാത്ഭുതമാണു്. ലോകത്തിൽ ഏതു സമുദായക്കാൎക്കും ഒരു ഘട്ടത്തിൽ ഈ മാതിരി ആരാധനകളുണ്ടായിരുന്നിട്ടുണ്ടു്. അവരെല്ലാം ആ നിലവിട്ടുയൎന്നു. ഹിന്ദുക്കൾക്കു് അതു വിടാൻ കാലമായിട്ടില്ല.

ബ്രഹ്മസമാജം, ആൎയ്യസമാജം മുതലായ നവീനമതപ്രസ്ഥാനങ്ങൾക്കു് ഈ മാലിന്യങ്ങൾ ഇല്ലാത്തതു ആശ്വാസജനകമാണു്: പൌരാണികമതത്തിന്റെയും ബ്രാഹ്മണമതത്തിന്റെയും അന്ധവിശ്വാസങ്ങൾക്കെല്ലാം സയൻസു വാൎണിഷിട്ടു ഈടും മിനുക്കവും കൊടുക്കുന്ന ശ്രമങ്ങളേയും ജയിച്ചു ഹിന്ദുക്കളുടെ മതവിശ്വാസത്തെ പരിഷ്കരിക്കുന്നതിനു ആരംഭിച്ചിട്ടുള്ള നവീകരണപ്രസ്ഥാനങ്ങളെല്ലാം പ്രചരിക്കുന്നതു ഇന്ത്യയുടെ രക്ഷയായിരിക്കും.

---

# കേസരിയും മറാഠായും

---

ടി. വി ശ്രീനിവാസശാസ്ത്രി.

ലോകമാന്യതിലകരുടെ പത്രാധിപത്യത്തിൽ പ്രചരിച്ചുവന്ന രണ്ടുപത്രങ്ങളാണു കേസരിയുംമറാഠായും. ഇവയെയും ഇവയുടെ അധിപരെയും പററിയുള്ള പ്രസ്താവങ്ങൾ, ദിനംപ്രതിയെന്നപോലെ അഭിവൃദ്ധിപ്പെട്ടുവരുന്ന പത്രാധിപന്മാൎക്കു ഒരാദൎശപാഠം ഉപദേശിക്കാതിരിക്കയില്ല. അതുകൊണ്ടു ആ പ്രസ്താവങ്ങൾ ത്യാഗകൎത്തൃക്കളായ രാഷ്ട്രീയജീവാത്മാക്കളുടെ നാമധേയസ്മാരകമായി തുടങ്ങീട്ടുള്ള 'ഭാരതദീപം' പത്രത്തിൽ വിവരിക്കാനുദ്ദേശിക്കുന്നു. തിലകരും ഒരു 'ഭാരതദീപ'മായതുകൊണ്ടു അദ്ദേഹത്തെ

ക്കുറിച്ചുള്ള ജല്പനം പോലും ഭാരതദീപത്തെ നിഷ്പ്രഭമാക്കുന്നതല്ലല്ലൊ?

ലോകമാന്യതിലകൻ ഡെക്കാൻസൊസൈറ്റിയിലെ ഒരു പ്രധാനപ്രവൎത്തകനായിരുന്നു. ആ സമയം രാഷ്ട്രീയ കാൎയ്യങ്ങളിൽ വ്യാപൃതമനസ്കനാകുവാൻ അദ്ദേഹത്തിനു തീരെ തരപ്പെട്ടില്ല. എന്നാൽ, അദ്ദേഹം ഭാരതീയരുടെ രാഷ്ട്രീയോപദേഷ്ടാവായിത്തീരണമെന്നായിരുന്നു ദൈവസങ്കല്പം എന്നുതോന്നുന്നു. മഹത്തും വിചിത്രവുമായ ഭാരതീയാദൎശങ്ങൾ ഭാരതീയരുടെ അധീനതയിൽതന്നെ സുരക്ഷിതങ്ങളായിരിക്കണമെന്നുള്ള സ്ഥിരസങ്കല്പം ഹേതുവായാൽ, തിലകർ ഭാരതീയമായോ ഭാരതീയസമുദായസംബന്ധമായോ ഉള്ള പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ഉത്ഭവിച്ച സങ്കുചിതമായ പരകീയാഭിപ്രായങ്ങളെ ലേശം ബഹുമാനിച്ചില്ല. എന്നുതന്നെയല്ല, പരകീയമായുള്ള ആചാരവ്യവഹാരങ്ങൾ ഭാരതീയ സമുദായത്തിൽ സംക്രമിക്കാതിരിക്കുവാനും വേണ്ടശ്രമങ്ങൾ ചെയ്യുവാൻ സന്നദ്ധനായി. പാശ്ചാത്യപദ്ധതിയനുസരിച്ചുള്ള ഇപ്പോഴത്തെ വിദ്യാഭ്യാസരീതി ഭാരതീയരുടെ പരിശുദ്ധാദൎശങ്ങളെ സമൂലം നശിപ്പിപ്പിക്കാനുള്ളതാണെന്നു പാശ്ചാത്യന്മാരുടെ സമത്വസിദ്ധാന്തം ലോകത്തിലുള്ളവരെല്ലാം ഏകോദരസഹോദരങ്ങളാണെന്നു പുറമേ ആഘോഷിക്കപ്പെട്ടുകാണുന്നുവെങ്കിലും, ആ സിദ്ധാന്തം അനാഥന്മാരെയും അധഃകൃതവൎഗ്ഗക്കാരെയും അഗാധമായ അന്ധകാരകൂപത്തിൽ വീണ്ടുമാഴ്ത്തിത്താഴ്ത്തുവാൻ കഴിവുള്ളതാകയാൽ അതെല്ലാം പാടെതിരസ്കരിച്ചു ഭാരതീയർ തങ്ങളുടെ സമുദായാഭിവൃദ്ധിക്കു സ്വാതന്ത്ര്യമാകുന്നതാണു ഏറെ നല്ലതെന്നു ഉഗ്രപക്ഷക്കാരിലും ബലമായി വാദിക്കയുണ്ടായിരുന്നു. തിലകർ ആ കക്ഷിയിലെ ഒരു പ്രധാനസേനാധിപനായിരുന്നു. സാമാജികവും ധാൎമ്മികവുമായസംഗതികളിൽ തിലകനും അദ്ദേഹത്തിന്റെ സഹപാഠിയായിസുഹൃത്തായ ആഗരക്കാറും ഭിന്നാഭിപ്രായക്കാരായി. അതുകൊണ്ടു ക്രിസ്തുവൎഷം ൧൮൮൮ൽ ആഗർക്കാർ കേസരിമറാഠാ എന്നീപത്രങ്ങളുമായുണ്ടായിരുന്ന ബന്ധം തീരെ വെടിയുകമാത്രമല്ല, സ്വന്തം പത്രാധിപത്യത്തിൽ സുധാരകൻ, എന്ന പേരായി ഒരുപത്രം നടത്തിത്തുടങ്ങി. പണ്ടൊരിക്കൽ മേൽപറഞ്ഞ പത്രങ്ങളുടെ ഉടമാധികാരികൾ, തിലകർ, കേളകർ, എച്ച് എൻ ഗോഖലെ എന്നീമൂന്നുമാന്യന്മാരായിരുന്നു. ആസമയം ഇവൎക്കു പത്രനടത്തിപ്പുകൊണ്ടു വിശേഷാൽ യാതൊരാദായവും കിട്ടിവന്നില്ല. ക്രമേണ രണ്ടാമത്തെയും മൂന്നാമത്തെയും, മാന്യന്മാർ പത്രപ്രവൎത്തനരംഗത്തിൽ നിന്നു

തന്ത്രത്തിൽ വിട്ടുമാറി. ൧൮൮൧-ൽ തിലകർ ആ പത്രങ്ങളുടെ സമ്പൂർണ്ണാധികാരിസ്ഥാനം സ്വീകരിച്ചു. അപ്പോഴും അദ്ദേഹത്തിന്റെ ഉദ്ദേശം ഐക്യം ഉറപ്പിക്കുക കൂടിയുണ്ടായിരുന്നു.

൧൮൮൮-ൽ ആഗരകർ സുധാരകൻ എന്ന പത്രം ആരംഭിച്ചു എന്നു പ്രസ്താവിച്ചുവല്ലോ? അദ്ദേഹം ആ പത്രംവഴിയായി ഖണ്ഡിതമായ സ്വാഭിപ്രായം വെളിപ്പെടുത്തിവന്നു. അതോ, സനാതനധർമ്മികളായ വൈദികർമ്മങ്ങളെ ഖണ്ഡിക്കുന്ന വിമർശകവും ആയിരുന്നു. ആ കാര്യം, ക്രമേണക്രമേണ തിലകരുടെ മസ്തകത്തിന്മേലും ആരെത്തുമൊരുങ്ങൾ കോളുപ്പി. അപ്പോഴേക്കു തിലകരും വെറും ഉദാസീനനായിരുന്നില്ല. തിങ്കളാഴ്ച സുധാരകൻ, ലക്കം പുറപ്പെട്ടുവെങ്കിൽ; ചൊവ്വാഴ്ചത്തെ കേസരിയിൽ മിക്കവാറും അതിനുള്ള സമാധാനപ്രസംഗങ്ങളായിരിക്കും കാണാറുള്ളത്. പതിവൊന്നുമാറ്റണമെന്നുറച്ചു സുധാരകൻ ചൊവ്വാഴ്ചപുറപ്പെടുന്നതാണെന്നു പരസ്യപ്പെടുത്തി. എന്നുമാത്രമല്ല, അതിന്റെ വരി കേസരിക്കുവേണ്ടിയപേക്ഷിച്ചു ത്രൈലോക്യം കറങ്ങത്തെ നാരക്കിടയിൽ പ്രസിദ്ധം ചെയ്യുകയും ചെയ്തു. ഇങ്ങനെയെല്ലാം ഇരുന്നിട്ടുംആകട്ടെങ്കിലും ഒരാൾ ഈ ലോകത്തിൽ വാസ്തവമനുഷ്യത്വമുള്ള ആൾ ആരാണു എന്നു തിലകരോടുചോദിക്കുന്നപക്ഷം, അദ്ദേഹം പറയുന്ന മറുപടി, അതു ആഗരകരാണു്, എന്നുമാത്രമായിരുന്നു. അതു പോലെത്തന്നെ ആഗരകർ പറയുന്ന മറുപടിയോ, ആ ഭൂലോകത്തിലെ ധീരനായ തിലകർ മാത്രമാണു എന്നുമായിരുന്നു. ഇങ്ങനെ രണ്ടു പ്രധാനന്മാരും തമ്മിലുണ്ടായിരുന്ന അന്യോന്യബഹുമാനവും ഏതുകൊണ്ടും തെല്ലുകുറവുണ്ടായില്ല, ആഗരകർ വ്യാധിതനായി പിന്നക്കൈക്കയിൽ ശയിച്ചിരുന്ന സമയം തിലകർ അദ്ദേഹത്തിന്റെ ചെന്നുകാണുകയുണ്ടായി. ആ സമയം വ്യാധിതനുണ്ടായ സന്തോഷം നിസ്സീമമായിരുന്നു. ആഗരകൻ സ്വർഗ്ഗസ്ഥനായി എന്നറിഞ്ഞപ്പോഴുള്ള തിലകരുടെ സന്താപമോ അതും സീമാതീതമായിരുന്നു. ഇതാണത്രെ പാരമാർത്ഥികമായ സൌഹാർദ്ദസീമ!

൧൮൯൧-ൽ ഇൻഡ്യാഗവർമ്മെൻറു നടപ്പിലാക്കിയ അന്നു മതവയോനിബന്ധന (Age of Cossiut) ബില്ലിനെപ്പററിയുള്ള ബഹളം . ഇൻഡ്യയൊട്ടും മാറൊലിക്കൊണ്ടിരുന്നു. അതു കാലോചിതമല്ലെന്നു വാദിക്കുന്നവരുടെ ഭാഗത്തായിരുന്നു തിലകർ സുധാരകന്മാർ Reformeis ഇതാവശ്യമാണെന്നു വാദിക്കയുമായിരുന്നു. ഇതു സർവ്വസമ്മതമായ നിയമമായി ഭവിക്കുന്നപക്ഷം

ഇതു മൂലം ഉന്നിദ്രന്തകരാറുകൾ നാട്ടിലുണ്ടാവാമെന്നും എന്നു മാത്രമല്ല, ഈ നിയമം ഒട്ടുക്കം വിഫലപ്പെടാതിരിക്കില്ലെന്നും മററും കാര്യകാരണസഹിതം തിലകർ കേസരിയിൽ നിരൂപണപ്രസംഗം ചെയ്തുതുടങ്ങുകയാൽ കേസരിപ്പത്രത്തിലെ ലക്കങ്ങൾ ഒട്ടേറെയധികം പുറത്തിറക്കേണ്ടിവന്നു. ഇങ്ങനെ പത്രത്തിൽ പ്രൗഢങ്ങളായ പ്രസംഗങ്ങൾ എഴുതിക്കൊണ്ടുമാത്രമല്ല; താൽകാലികമായ പരിതസ്സംഭവങ്ങൾ ജനതയുടെ ശ്രദ്ധയിൽ പതിപ്പിച്ചു രാജ്യാഭിവൃദ്ധിക്കു ഭഗീരഥശ്രമം ചെയ്യേണ്ടതാണത്യാവശ്യം എന്നുറച്ചിട്ടുധീരപത്രാധിപരായ തിലകർ, ഹിന്ദുമുസ്ലീം കലാപം, ശിവാജിമഹം, ഗണേശോത്സവം, എന്നീപ്രമേയങ്ങളെ ആസ്പദമാക്കി പല ഗംഭീരപ്രസംഗങ്ങൾ കേസരിയിൽ വലിച്ചുനീട്ടി എഴുതിവിട്ടു എന്നായപ്പോൾ കേസരിയുടെ വരിക്കാർ അയ്യായിരത്തിലധികമായി വർദ്ധിച്ചു. ൧൮൯൭-ൽ പൂനായെ പ്ലേഗാമയം ബാധിക്കയും റിയാണ്ട് സായ്പു കൊലപ്പെടുകയും ചെയ്തു. അതേകൊല്ലം ജൂൺമാസം ൧൨ നു- ആഘോഷിച്ച ശിവാജിപട്ടാഭിഷേകമഹത്തെ സംബന്ധിച്ചുള്ള കാര്യപരിപാടിയും ശിവാജി സൂക്തികൾ എന്നപേരായി ഏതാനും മറാഠീപദ്യങ്ങളും ൧൫-നു-യിലത്തെ കേസരിയിൽ പ്രകടീകൃതങ്ങളായി. അന്നുവലിയ ഒരു സമാജം കൂടിയിരുന്നു. ആ സന്ദർഭത്തിൽ ഒരു മഹാൻ പ്രസംഗിച്ചതിന്റെ സാരം ഇതാണ്:—'ഓരോ ഹിന്ദുവും, വിശേഷിച്ചു ഓരോ മഹാരാഷ്ട്രീയനും അവർതമ്മിൽ തീരെ പ്രതിപക്ഷികളായിരുന്നാലും ശരി ശിവാജി പട്ടാഭിഷേകമഹോത്സവത്തിൽ ഒത്തൊരുമിച്ചു ഭാഗഭാക്കായി സന്തുഷ്ടചിത്തരായിരിക്കതന്നെ വേണം. 'കളഞ്ഞുകുളിച്ച' സ്വാതന്ത്ര്യം വീണ്ടെടുക്കുവാനായിട്ടാണു നമ്മുടെ ഇപ്പഴത്തെ തീവ്രശ്രമങ്ങളെല്ലാം. ഇതുകിട്ടണമെങ്കിൽ നാമെല്ലാം ഒത്തൊരുമയോടെ വർത്തിക്കണം. നമ്മുടെ സ്വാതന്ത്ര്യം അനായാസമായി വീണ്ടെടുക്കുവാൻ ഉപയുക്തമായ തന്ത്രമന്ത്രങ്ങൾ പ്രയോഗിച്ചുവരുന്ന രാഷ്ട്രീയന്റെ ആരംഭങ്ങൾ, നമ്മൾ യാതൊരുവിധേനയും തടസ്സപ്പെടുത്തുവാനദ്യമിക്കരുതാത്തതാകുന്നു. തമ്മിൽ ഛിദ്രിച്ചാൽ നമ്മുടെ ഉൽഗതിപ്രതിബന്ധമാകും. ഏതെങ്കിലും ഒരു നീചൻ, ഈ ഭാരതഭൂമിയെ നിർദ്ദയം ചവിട്ടിത്താഴ്ത്തുവാൻ മുതിരുന്നുവെങ്കിൽ നിങ്ങൾ അവന്റെ തലവെട്ടിയറുത്തു കളയുവിൻ! അല്ലാതെ, മററുള്ളവരെ ഹിംസിക്കയേ അരുതു്' * * *

* ൧൮൯൭-ൽ ഇൻഡ്യാഗവർമ്മെന്റു പ്രസിദ്ധപ്പെടുത്തീട്ടുള്ള സെഡിഷൻ കമ്മററിറിപ്പോർട്ടു ൩-ാംപുറം നോക്കുക.

രാഷ്ട്രീയമായ ഐക്യത്തിന്റ ഏകകാരണമായ ഈ ആഘോഷത്തിന്നസ്വാഗതം പറയുവിൻ * വേറൊരാരുസാമാജികന്റെ അഭിപ്രായംഇങ്ങനെയായിരുന്നു:— ഫ്രാൻസിലുണ്ടായആക്രമണസന്ദർഭത്തിൽ (Frencd renolution)തങ്ങൾ കുലപാതകംനടത്തുന്നതല്ലെന്നും എന്നാൽ തങ്ങൾ സൈന്യസഞ്ചാരം ചെയ്യാറുള്ള വഴിയിൽ പാറികിടക്കുന്ന കൂർത്തമുള്ളുകൾ പെറുക്കികളയുകമാത്രമാണു ചെയ്യുന്നതെന്നും അവിടത്തെ ആളുകൾ അഭിപ്രായപ്പെട്ടിരുന്നു ആ ജനതാസിദ്ധാന്തം ഇപ്പോൾ മഹാരാഷ്ട്രീയന്മാരും എന്തുകൊണ്ടു അനുകരിച്ചുകൂടാ? ഇതിന്നുശേഷം അദ്ധ്യക്ഷനായ തിലകരുടെ പ്രസംഗമായിരുന്നു നടന്നത്. അതിന്റെ സാരം ചുവടേ ചേർക്കാം:— ശിവാജി അഫ്ഝൽഖാനെ കൊന്നതുകൊണ്ടു കുലക്കുററക്കാരനായോ ഇല്ലയൊ? ഈചോദ്യത്തിനുള്ള സമാധാനം മഹാഭാരതത്തിൽകാണാം. ഗീതാചാര്യനായ കൃഷ്ണൻ നമ്മുടെ ബന്ധുമിത്രങ്ങളെയും ഗുരുനാഥന്മാരെയും മററും വധിക്കാവുന്നതാണെന്നു സ്പഷ്ടമായുപദേശിച്ചിട്ടുണ്ട്. നിഷ്കാമനായി ഫലമേതുമാശിക്കാതെ, പ്രവൃത്തിക്കുന്നവൻ—പ്രവൃത്തി എത്രവേണമെങ്കിലും ഭയങ്കരമായിരുന്നുകൊള്ളട്ടെ. അയാൾ അപരാധഗ്രസ്തനാകുന്നതല്ല. ശിവാജി ഒട്ടുച്ചാൺ, പെരുപ്പമുള്ള തന്റെ വയറുസൂക്ഷിക്കാനായിട്ടു യാതൊരുവകയും ചെയ്തിട്ടില്ല. അദ്ദേഹം മററുള്ളവരുടെ ഗുണത്തിനുവേണ്ടി അഫ്ഝൽഖാനെ കൊന്നു. പട്ടാപ്പകൽ ഭവനഭേദനം ചെയ്തു അടുക്കളയിൽ കയറിപ്പായുന്ന കവർച്ചക്കാരെ പുറത്തോടിക്കാൻ ആവോളമുള്ള ശക്തിനമുക്കില്ലെന്നുവരികിൽ നാം തെല്ലും കാന്ദിശീകരാകാതെ ഗൃഹദ്വാരങ്ങളെല്ലാം പൂട്ടി ബന്ധിച്ചു തീകൊളുത്തിട്ടു വീടിനെയും അകത്തുള്ള കവർച്ചക്കാരെയും വെണ്ണീറാക്കിക്കളയുകയാണുവേണ്ടത്. ഭാരതഭൂമി പരാധീനയായ്വരണമെന്നു ബ്രഹ്മാവു ചെമ്പുപട്ടയം എഴുതി [illegible]യും മററുമുണ്ടായിട്ടില്ല. മഹാരാജ്ശിവാജി തന്റെ ജന്മഭൂമിയിൽനിന്നു അവരെ, നിഷ്കാസനം ചെയ്യുവാനദ്ധ്യമിച്ചു. അതുകൊണ്ട്: അദ്ദേഹം പരദ്രവ്യാപഹരണം എന്നദോഷത്തിന്നു പാത്രമായി എന്നുപറഞ്ഞുകൂടാ. നിങ്ങൾ നിങ്ങളുടെ ദീർഘദൃഷ്ടിയെ കൂപമണ്ഡൂകങ്ങളെപ്പോലെ തെല്ലും സങ്കോചപ്പെടുത്തരുത്. * * * നിങ്ങൾ ഭഗവൽഗീതയാകുന്ന ഉത്തമോത്തമമായ അന്തരിക്ഷമണ്ഡലത്തിൽ സഞ്ചരിച്ചുകൊണ്ടു വിഭൂതിമത്സത്വാങ്ങളുടെ അപദാനങ്ങളെക്കുറിച്ചു ഗാഢമായിവിചിന്തനം ചെയ്തു വിശ്രമിക്കുവിൻ. ദീർഘമായ ഈ പ്രസംഗം കേസരിപത്രത്തിൽ പ്രസിദ്ധപ്പെടുത്തുകയാൽ, തദധിപരായലോ

കമാന്യതിലകർ രാജ്യദ്രോഹിയാണെന്നു സ്ഥാപിച്ചു ൧൮ മാസം കഠിനതടവു ശിക്ഷ അനുഭവിക്കയുണ്ടായി. ആ സമയംമുതൽ രാഷ്ട്രമണ്ഡലത്തിൽ വിജാതീയമായ ഒരു രാഷ്ട്രീയചിന്താഗതി പ്രവൃത്തി പ്രസരിച്ചുവരായി. തിലകർ ഇക്കാര്യത്തിൽ സമ്പൂർണ്ണനിരപരാധനാണെന്ന എല്ലാവരും വിശ്വസിച്ചിരുന്നു. ആ സമയം കേസരിപ്പത്രത്തിനു വരിക്കാർ ൧൭൦൦൦ പേർ ഉണ്ടായിരുന്നുപോലും. കഠിനതടവിനിരയായതോടുകൂടി കേസരി അടിച്ചുവന്നിരുന്ന 'ആര്യഭൂഷണം' അച്ചുകൂടക്കാർ ഇനി തങ്ങളാൽ അക്കാര്യം കഴികയില്ലെന്നു തീർത്തു പറഞ്ഞൊഴിഞ്ഞു. തിലകർകാരാഗൃഹത്തിൽ സുഖവാസം തുടങ്ങിയതുമുതൽ പത്രങ്ങളുടെ നടത്തിപ്പ് നരസിംഹചിന്താമണി കേൾക്കർ കൈയേററു. അദ്ദേഹം വേറെ ഒരച്ചുകൂടത്തിൽ പത്രങ്ങളച്ചടിപ്പിച്ചു പുറത്താക്കിവന്നു. ൧൮൯൮-ാമാണ്ടു ജൂലൈ മാസം ൭-ാംനു കാരാഗൃഹനിർമ്മുക്തനായ തിലകർതന്നെ, ആ പത്രങ്ങളുടെ പ്രവർത്തനാധികാരംവീണ്ടും കൈയ്യേററു. അപ്പോഠം വരിക്കാർ ഒട്ടേറെ വർദ്ധിച്ചുവന്നതുകൊണ്ടു താൻലണ്ടനിൽനിന്നു ഒരു മുദ്രണയന്ത്രം വരുത്തുകയും, ആയതിൽ എഞ്ചിൻവഴി അതിൻെറ ജോലിശീഘ്രതരമായി നടത്താൻതക്ക ഏർപ്പാടുകൾ ചെയ്യുകയും,ചെയ്തു. അദ്ദേഹം അച്ചുക്കൂടം സ്ഥാപിച്ചതു സ്വന്തം വിലക്കുപെററ നാരായണപെററിൽ ചേന്ന ഗായകവാർ മൈതാനത്തിലായിരുന്നു. അതിൻെറപേർ കേസരിഎന്നായിരുന്നു. അതിനുശേഷം ൧൯൦൮ൽ കേസരിയിൽ പ്രസിദ്ധപ്പെടുത്തിയ ചിലലേഖനങ്ങൾ രാജദ്രോഹകരങ്ങളാണെന്നുകണ്ടു,തിലകർവീണ്ടും കൊല്ലത്തെ കഠിനതടവു ശിക്ഷിക്കപ്പെട്ടു. കേസരിയിലെലേഖനങ്ങൾ രാജദ്രോഹകരങ്ങളല്ലെന്നും അവയൊക്കെത്തൽകാലികമായ രാജ്യഭരണപദ്ധതിയെ സൂചിപ്പിക്കുന്നവമാത്രമാണെന്നു പരിശോധിച്ചാലറിയാവുന്നതാണെന്നുംഅദ്ദേഹംവാദിക്കയുണ്ടായി എന്നാലെന്തു? പഞ്ചായത്തുകോർട്ടിൽ ഇദ്ദേഹം രാജദ്രോഹിയാണെന്നു നിശ്ചയിക്കപ്പെട്ടു. അങ്ങനെ തിലകർക്കു ശിക്ഷഅനുഭവിക്കേണ്ടതായിത്തന്നെവന്നു. ശിക്ഷാരംഭത്തിനു മുമ്പായിപ്രാഡ്വിപാകൻ തിലകരോടു ചോദിക്കുന്നു:—

നിങ്ങൾക്കു ഇനി വല്ലതും കൂടുതലായി അറിയിക്കേണ്ടതായുണ്ടോ? തിലകർ—ഒരു രാഷ്ട്രവും മറെറാരു രാഷ്ട്രവുംതമ്മിലുള്ള ബന്ധം അഭിവൃദ്ധിപ്പെടുത്തുന്നതിൽ മനുഷ്യശക്തിയെക്കാൾ ആയിരം മടങ്ങു പ്രശസ്തമാണു ദൈവികമായ വിചിത്രശക്തി. എന്നാൽ വാസ്തവത്തിൽ നിർദ്ദോഷിയാണെന്നിരിക്കിലും എന്നെ ദുസ്സഹമായവിധം വല്ലതും കഷ്ടപ്പെടുത്തുകയും ബുദ്ധിമുട്ടി

ക്കയും ച്ചെയ്യിട്ടുവേണം രാഷ്ട്രത്തിന്ന ഉന്നമനം ഉണ്ടാവേണ്ടതു, എന്നുദൈവം സംകല്പിച്ചിരിക്കയാണെന്നുതോന്നുന്നു. കൊള്ളാം. തരക്കേടില്ല. എന്റെ മാതൃഭൂമിയുടെ നന്മക്കുവേണ്ടി എന്റെയു പജീവിതം ബലികഴിക്കാനും ഞാൻ ഒരുക്കംതന്നെ.

ഈ മറുപടിപറയുന്നസമയം തിലകരുടെ ഉള്ളിൽ മാതൃഭൂമിയെപ്പററിയുള്ള ദിവ്യസ്മരണാമൃതം കൂലംകഷമായി പ്രവഹിച്ചിരുന്നു എന്നുഅദ്ദേഹത്തിന്റെ പ്രസന്നഗംഭീരമുഖഭാവം വിളിച്ചു പറയുകയായിരുന്നു. അപ്പോൾ അദ്ദേഹത്തിന്നു അത്ഭുതപ്പെടമായ ഒരുവീരാവേശമുണ്ടായി എന്നു രണ്ടുനേത്രങ്ങളും നാസാഗ്രഭാഗവും യഥാളം സ്പഷ്ടമാക്കി. അപ്പോൾ. അദ്ദേഹത്തിന്റെ ദേഹം ദൈവീകമായ ഒരു വിദ്യുച്ഛടയാൽ സമാവൃതമായിക്കണ്ടു. എങ്കിലും അദ്ദേഹം, വിലയും നിലയും വിടാതെ, തക്കവും തഞ്ചവും നോക്കി, മന്നും പിന്നുവകതിരിവോടറിഞ്ഞു, ഹിരണ്യകശിപുവിനോടു പ്രഹ്ലാദനെന്നോണം അത്രയും ശാന്തസ്വരത്തിൽആണ് മറുപടിപറഞ്ഞതു്.

ആ സമയം അധികരണത്തിന്റെ എല്ലാഭാഗത്തും സ്വാതന്ത്ര്യദേവതതത്തിക്കളിക്കയായിരുന്നു. തിലകരുടെ രാഷ്ട്രീയ പ്രേമം കൊണ്ടും സ്വദേശീയഭക്തികൊണ്ടും നിബിഡിതമായ ആപ്രത്യുത്തരമൊന്നാമതും മൂവുലകിനേയും കലുകലാ കലുക്കാതിരുന്നില്ല. നേരിടുന്ന ദുഃഖങ്ങളെല്ലാം സഹിച്ചുകൊണ്ടു ഞാൻ രാജ്യമുഖത്തെ ഉജ്ജ്വലിതപ്പെടുത്തുകയാണെന്ന ചെയ്യും എന്റെദേഹം സമർപ്പണം ചെയ്തിട്ടു രാജ്യോന്നമനം വരുത്തും. എന്റെ ജീവിതം ദാനം ചെയ്തുരാഷ്ട്രത്തിന്ന പുതിയ ജീവിതം പ്രദാനം ചെയ്യുന്നുണ്ടു് എന്നുണ്ടായിരുന്നതിലകരുടെ സങ്കല്പങ്ങൾകൊണ്ടുമാത്രമാണു ഭാരതഭൂമാതാവിന്ന ഒട്ടൊന്നുആശ്വാസംകൊണ്ട് ഉണ്ടാവുന്നതു. തിലകർ ആത്മത്യാഗം ചെയ്തിട്ടുസ്വാതന്ത്ര്യപഥത്തിലെ കണ്ടകം നീക്കിക്കളഞ്ഞു. ധന്യ! ലോകമാന്യ! ധന്യ! മഹാരാഷ്ട്ര കേസരി! നീയും ധന്യക്കന്നെ അതെന്തിന് ഭാരതഭൂമാതാവേ! നീയും ധന്യതന്നെ! ഭാരതഭൂമാതാവിന്റെ ദിവ്യസന്താനമല്ലയൊ? ലോകമാന്യതിലകർ! തിലക! നിന്റെ ആത്മത്യാഗം കൊണ്ടുഭാരതഭൂമിയിൽ ഒരു ഈശ്വരചൈതന്യം പൊട്ടിത്തിളങ്ങുന്നുണ്ടു്. അതുകൊണ്ടു ഞങ്ങളുടെ മാർഗ്ഗം സുഗമവുമായി.നിന്റെ അനുഗ്രഹപാതംകൊണ്ടു ശോഭനമായ ഭാരതഭാവിക്കു പ്രതിബന്ധമായിരുന്ന ക്ഷുദ്രശക്തി ഇനിയെങ്ങു അവശേഷിക്കാതവണ്ണം പാടെതകൻ. ഇതിവിടെ നിൽക്കട്ടെ!

തിലകനുടെ വാദം കേട്ട പലരും ഇദ്ദേഹം ഒരു വക്കീലായിരുന്നുവെങ്കിൽ പെരുത്തു പണം സമ്പാദിക്കുമായിരുന്നു എന്നു പലരും അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്. മഹാത്മാ അരവിന്ദഘോഷൻ തുടങ്ങിയ പല മാന്യപത്രാധിപന്മാരും ഇദ്ദേഹം നിർദ്ദോഷിയാണെന്നു പത്രങ്ങളിൽ പ്രസിദ്ധംചെയ്തു. എന്നുതന്നെയല്ല വിദേശപത്രങ്ങൾ പോലും അങ്ങനെതന്നെയാണു അഭിപ്രായം പുറപ്പെടുവിച്ചതും. അതെല്ലാം ഇവിടെ പകർത്തണമെന്നു വിചാരിക്കുന്നില്ല.

എന്നാൽ എന്തു? പ്രഹ്ലാദൻ ഹിരണ്യകശിപുവിനോടു കാര്യബോധമുള്ള വാക്കുകൾ യുക്തിയുക്തമായി ശാന്തവും വിനീതവുമായ സ്വരത്തിൽ പ്രത്യുത്തരദാനം ചെയ്തതിൽ എന്താണു വിശേഷാൽ ഫലമുണ്ടായതു്. ആ ഫലാനുഭവം തന്നെയാണു 'മഹാരാഷ്ട്രകേസരി' യായ ലോകമാന്യതിലകർക്കും ഉണ്ടായതു്.

ഓം! ശാന്തി! ശാന്തി! ശാന്തി!

---

# ഭാവഭേദം

---

ഒരു നിമിഷകാവ്യം.

(കല്യാണകൃഷ്ണൻ)

ലോകത്തിലുള്ള പല ജീവികളിൽ സ്വബുദ്ധി-
യാകത്തെളിഞ്ഞതു മനുഷ്യരിൽ മാത്രമല്ലോ,
ആകാത്തതാമവരിലുള്ളൊരു "ഭാവഭേദ"-
മാകുന്നു ശക്തിയൊടു ക്രൂടിലസിപ്പതിപ്പോൾ. ൧

മുൻകണ്ടവേണ്ടപടിയേതൊരു മാറിനന്നായ്
ശ്രീകൊണ്ടിടും പരിചയത്തിൽ വിളങ്ങിയോരെ,
മേൽകണ്ടിടുമ്പോളൊരു നാളം ചിലർ കണ്ടതായി-
ട്ടാകട്ടെ മിണ്ടിയൊരു മാതിരിയാട്ടെയാക്കാ. ൨

ആകാതെനിയ്ക്കു സകലജ്ഞതയൊത്ത കർമ്മ-
മാകാത്തതെന്തവനു പാരിതു നിനയ്ക്കിൽ ലിപ്തൻ
ആകാനിവന്നു ശരിയേവനൊരുത്തനല്ലൊ,-
ന്നാകാരഭേദമിയലുന്ന ചിലർക്കു തോന്നാം ൩

മാകാന്നിവിദ്ധ്യ മനതാരിൽ മികച്ചമന്ദ്യ-
മേകിട്ട,മുള്ളിനവിശുദ്ധിവരുത്തുകില്ല,
മൂകത്വമുററുമുതിരുംമതിയുള്ളമൂല;
മേകുന്നമിത്രമണിമാർഗ്ഗമനാംമലിപ്പും ൪

'എന്താണതൊന്നഴകിലിന്നലരമ്പനഹോ!
വന്താപമേററി മരുവുന്നു' പഠിപ്പുപാഠം
വെന്താളിടുന്ന കൃപണത്വമെഴുന്നപേരോ
ടെന്താണെനിയ്ക്കിടപെടുന്നതിനുള്ളകാര്യം' ൫

'സന്താപമേറിയൊരുതാഴ്ന്നവരോടുമൊന്നി
ന്നെന്താകിലുംതുടരുകില്ലരിയാട്ടവാനും,
എന്തോർക്കമെന്നൊരുവലിപ്പമെഴുന്നവർക്ക്.
മെന്തോഴരീയവനെമേൽവരുവാനുകില്ല, ൬

അന്ധത്വമായതിൽമനംചിലർവിധിയാത്തിൽ
ബന്ധിച്ചതെല്ലുപരമാർത്ഥവുമോർത്തിടാതെ
അന്ധുസ്ഥിതൻതവളപോൽശതകോടിപാപം.
സിന്ധുപ്രപാതവഴിപാർത്തമരുന്നുനിത്യം ൭

---

ആരെങ്കിലും,ചിലരൊട്ടുത്തരമോതിയെങ്കിൽ
പാരംകഠോരതയെഴുന്നശകാരവർഷം
നേരേചൊരിഞ്ഞധികധൂർത്തതയുംനടിച്ചു
വീരന്നുചേർന്നവിരുതായവർതാനെടുക്കും ൮

എന്നാകിലിസ്സുരസികാളി,മുഖത്തമേധ്യ.
മാന്റെള്ളാരിച്ചുകരംചവിട്ടുവതോർപ്പതുണ്ടോ?
നന്നായബുദ്ധിയെഴുവോർമൊഴികചന്നതത്തു
കന്നിച്ചസങ്കടമണപ്പൊരുഹേതുവാമി. ൯

ചണ്ഡിത്തരംകരളിലുള്ളവർപണ്ടുകണ്ടു.
കണ്ടില്ലയെന്നവിധമല്ലതയോർത്തിടുന്നു,
തെണ്ടിത്തിരഞ്ഞൊരട്ടവിലാനിജദോഷമോതി
രണ്ടിച്ചിടുന്നവിധമേകമതോർപ്പതുണ്ടോ! ൧൦

സൂത്രത്തിലുള്ളതരമമ്മണികണ്ടപോലെ
മാത്രയ്ക്കുതന്റെമണിമച്ചിനകത്തിരുത്തി
മിത്രങ്ങളെന്നുശരിയായവർപൂജചെയ്യും.
മിത്രത്വമുള്ളവരെയോർക്കപോലുമില്ല. ൧൧

രണ്ടില്ലപക്ഷമിഹജീവികളിന്നുകണ്ടു
കണ്ടില്ലയെന്നവിധമോക്കിലനിത്യരല്ലോ;
ഉണ്ടില്ലയെങ്കിലുമെവന്നുജനത്തൊടിഷ്ട
മുണ്ടില്ലവൈരമവനുത്തമലോകപൂജ്യൻ ൬൨

നേരെമറിച്ചുശരിയാംവിധിവൈഭവത്താൽ
പാരാതെമുൻപരിചയത്തൊടിരിക്കവോരെ
തീരെപ്പുരാപരിചയിച്ചവരല്ലയെന്നു
നേരേനടിച്ചുനിലനില്പതുനീചഭാവി ൬൩

ഉൽകൃഷ്ടമദ്ധ്യമനികൃഷ്ടരിലുള്ളൊരിഷ്ട
മക്കല്ലുമൺജലമിവററിലെരേഖപോലെ
ലാക്കിന്നനീചസമസജ്ജനവൈരമോക്കി
ലൊക്കന്നുകല്ലുമണലപ്പിതിലക്ഷരംപോൽ ൬൪

—ശുഭം.—

## ആധുനികപരിഷ്കാരവും വേദാന്തവും.

---

(പ്രബുദ്ധഭാരതത്തിൽനിന്നും സംസ്കരിച്ചത്.)

കെ. രാമൻമേനോൻ.

തുടർച്ച

ഒരു വാസ്തവവേദാന്തിക്ക് അതിനാൽ തത്വശാസ്ത്രത്തോടൊ, പരിഷ്കാരത്തോടൊ, വിശ്വാസത്തോടൊ മതപ്രതിപത്തിയോടൊ യാതൊരു ശണ്ഠയും ഉണ്ടായിരിക്കയില്ല. അദ്ദേഹം പറയുന്നതു തത്വശാസ്ത്രങ്ങളെല്ലാം ഈശ്വരവിശ്വാസത്തോടുകൂടി ആയിരിക്കണമെന്നും മതതത്വങ്ങളെല്ലാം ഭൌതികതത്വത്തെ അനുസരിച്ചിരിക്കുന്നവയായിരിക്കണമെന്നും ഇവയ്ക്കു രണ്ടിന്നും അതാതിന്റെ ശരിയായ ജ്ഞാനമുണ്ടായിരിക്കണമെന്നും ഒരു മനുഷ്യന്റെ കണ്ണുകളും ചെവികളും അന്യോന്യം മത്സരംകൂടാതെ ഏതുപ്രകാരം വൎത്തിക്കുന്നുവൊ അതുപോലെ ഇവകളും സൌഹാർദ്ദമായിവൎത്തിക്കുകയും അന്യോന്യം സഹായിക്കുകയും പോഷിപ്പിക്കുകയും ചെയ്യേണ്ടതാണെന്നുമായിരിക്കും. എന്നാൽ ഇപ്രകാരമുള്ള ഒരു പരിശുദ്ധമായ സങ്കല്പനം പക്ഷെ വളരെ ദുർല്ലഭമായെ ഉണ്ടായിക്കാണുന്നുള്ളു. ഒരുഭാഗത്തുമാത്രം ഉള്ള വളർച്ചകൊണ്ടു ഒരോരുത്തർ നശിച്ചുപോകുന്നതുപോലെ ഒ

രേഭാഗത്തുമാത്രം ഉണ്ടാകുന്ന വളർച്ചകൊണ്ട് പലപ്രാചീനപരിഷ്കാരങ്ങളും അധോഗതിയെ പ്രാപിച്ചിട്ടുണ്ട്. ഇതിന്നു എത്രയോ ദൃഷ്ടാന്തങ്ങൾ നാം തന്നെ കണ്ടിട്ടില്ലയോ? തല്ക്കാലികക്ഷോഭങ്ങളെ തടയേണ്ടതിന്നുവേണ്ട വിവേചനാശക്തി തൽസമയങ്ങളിൽ ഉണ്ടാകാതെയിരിക്കുന്നതുകൊണ്ടു എത്രപേരാണു മതഭ്രാന്തന്മാരായി തീൎന്നിട്ടുള്ളതു്?. അതുപോലെതന്നെ അഗാധബുദ്ധിമാന്മാരായ എത്രപേരെയാണ് നാം ക്രൂരന്മാരായും പരസങ്കടത്തിൽ നിർദ്ദയന്മാരായും കണ്ടുകൊണ്ടിരിക്കുന്നതു്? അതുപോലെ തന്നെയാണു സമുദായങ്ങളുടേയും അവസ്ഥ. സുപ്രസിദ്ധങ്ങളായ അനവധിരാഷ്ട്രങ്ങൾ ഒരുഭാഗത്തു ജനഹൃദയങ്ങളിൽ. അസാധാരണക്ഷോഭങ്ങളെ ഉണ്ടാക്കിത്തീർത്തമനസ്സിദ്ധാന്തങ്ങൾ മറെറാരുഭാഗത്തും വെള്ളത്തിലെ കുമിളകളെപ്പോലെ എത്രമാത്രം ഉണ്ടാകുകയും നശിക്കുകയും ചെയ്തു. ഈ ജിപ്ത്യരുടേയും അലക്സാണ്ടരുടേയും ഗ്രീസുകാരുടേയുംറോമാക്കാരുടേയുംപരിഷ്കാരങ്ങളുടെ അധഃപതനം റിക്കാർഡാക്കിയ ചരിത്രംതന്നെയല്ലയോ ആവാസ്തവമേ വദസവാദത്തിന്റെയും Paganism പോഷിപ്പിനും പ്രാധാന്യം കല്പിച്ചിരുന്ന മതത്തിന്റെയും Papal Empire മദ്ധ്യകാലത്തിലെ ദൈവീകഅട്ടഹാസങ്ങളുമടങ്ങിയുള്ള ആരാധനാസമ്പ്രദായങ്ങളുടേയും Holy danb of the misb ox ഫ്രാൻസിസ്കൻപരിഷ്കാരത്തിന്റേയും മററുംഇത്തരത്തിലുള്ളഅനവധിസിദ്ധാന്തങ്ങളുടേയുംനാശത്തെ കൂടെ റിക്കാർഡാക്കിയിരിക്കുന്നതു്. ഈ രണ്ടുതര നാശങ്ങൾക്കും ഉള്ള ആന്തരഹേതു എന്താണെന്നു് നാം വേണ്ടതുപോലെ ആലോചിച്ചു നോക്കുന്നതായാൽ മുൻപറഞ്ഞപ്രകാരമുള്ള സമുദായഹൃദയത്തിന്റേയും ബുദ്ധിയുടേയും സമയോചിതമായഅന്യോന്യസഹായവും സഹകരണവും ഉണ്ടാകാതെ യിരിക്കുന്നതാണെന്നു നമുക്ക് ദൃഷ്ടാന്തമാകുന്നതാണ്.

ആധുനികപരിഷ്കാരമാകട്ടെ അതിന്റെ ഘടനയിൽപ്രാചീനപരിഷ്കാരങ്ങളെക്കാളും അധികരിച്ച ഭൗതികപ്രതിപത്തി കാണിക്കുന്ന ഒന്നുതന്നെയാണെന്നുള്ളതിനു സംശയമില്ല. അതുകൊണ്ടു പണ്ടുള്ളപരിഷ്കാരങ്ങളെക്കാൾ നമ്മുടെ ഇന്നത്തെ പരിഷ്കാരം ന്യൂനതകുറഞ്ഞതായിരിക്കുവാൻ അവകാശമില്ലാത്തതാകുന്നു. ഈ പരിഷ്കാരം അതിന്റെ മനോരാജ്യത്തിൽമാത്രം നിലനില്ക്കുന്നതായ പ്രകൃതിയുടെ മേലുള്ള ജയത്തിൽ മദിച്ചിരിക്കുന്നതാണു. അതിനു വാസ്തവമായിസിദ്ധിച്ചിട്ടുള്ള ചില ചില്ലറജയങ്ങളിൽ അതു് അഭിമാനിക്കുന്നു. അതിനുള്ള അഹംഭാവവും ഒട്ടും കുറവല്ല. ഇതെന്തുമാത്രം അത്ഭുതകരമായ ഒരവ

സ്ഥയാണ്? ഇൗ പ്രകൃതിയ്ക്കാകട്ടെ സ്ത്രീദ്രൗപതിയ്ക്കുള്ളതു പോലെ ഒന്നിനടിയിൽഒന്നായും അടിയിൽ കടക്കുന്തോറുംഉറപ്പുംമിനുപ്പും കൂടിയതായും അനവധിപുടവകൾ ഉണ്ടെന്നും അതിൽ പുറമേയുള്ള ഒന്നിനെപ്പോലും അതിക്രമിക്കുവാൻ നമ്മുടെ പരിഷ്കാരത്തിന് ഇതേവരേയ്ക്കായും സാധിച്ചിട്ടില്ലെന്നുംഉള്ളവാസ്തവം മറന്നുപോയുംഇരിക്കുന്നു. ഇൗപ്രകൃതി ദ്രൗപതിയെ വസ്ത്രവിഹീനയാക്കുകയെന്നതു സാധിക്കാൻ പോകുന്നകാര്യമാണോ? നിങ്ങൾ പ്രകൃതിയുടെ പോളകൾക്കടിയിൽ കടക്കുന്തോറും അകത്തുള്ള പോളകൾ അധികമധികംമാഹാത്മ്യമുള്ളവയായിട്ടാണ് കാണുക ഇതിന്റെ പുറംപോളകൾ എത്രതന്നെ പൊളിച്ചാലും അനവധിപോളകൾ പിന്നേയും അതിനുള്ളതായിക്കാണാം. ആധുനിക പരിഷ്കാരം ഇതിനെപ്പററി അത്ര ആലോചിക്കുന്നതായി തോന്നില്ലെന്നു മാത്രമല്ല; അങ്ങനെ ചെയ്യുന്നതുകൂടെ പോരായ്മയാണെന്നു അഹംഭാവിയ്ക്കുന്നുണ്ടോ? എന്നുകൂടി സംശയിക്കേണ്ടതായും ഇരിക്കുന്നു. അതൃപ്തിപ്പെട്ടുഴലുന്ന ഹൃദയത്തിന്റെ ഇൗ രോദനം കേൾക്കാതിരിക്കുന്നിടത്തോളം ആധുനികപരിഷ്കാരംവിഷമഘട്ടത്തിൽ മാത്രം വർത്തിക്കുവാനുള്ള അവകാശമുള്ളു. എന്നാൽ ഭാഗ്യവശാൽ ഹൃദയത്തിന്റെ ഇൗ രോദനം ഇപ്പോൾ പൊതുവിൽകേൾക്കത്തക്കവിധം അത്ര സുവ്യക്തമായിട്ടുണ്ടെന്നാണ് വിചാരിക്കേണ്ടതു്. ആധുനികജനസമുദായത്തിന്റെ ഇൗ ദയനീയമായ രോദനം ഇൗ ആവശ്യമുള്ള കൃത്യസമയത്തു ഉച്ചപ്പെടുവാൻ തുടങ്ങുന്നതു് ആധുനികലോകത്തിന്റെ മഹാഭാഗ്യം തന്നെയാണ്. അതിനാൽ വളരെ അകാലത്തല്ലാത്ത ഒരവസരത്തിൽ തന്നെ അന്യോന്യസഹായത്തിനും അഭിവൃദ്ധിക്കുമായി ഹൃദയവും ബുദ്ധിയുംകൂടിയുള്ള ഇൗ അത്യന്താപേക്ഷിതമായ സമ്മേളനം ഉണ്ടാകുമെന്നു വിചാരിക്കുവാൻ വേണ്ടിടത്തോളം അവകാശങ്ങളും ലക്ഷ്യങ്ങളുംകാണുന്നുണ്ടു്. തത്വശാസ്ത്രം ക്രമേണ ഇൗശ്വരവിശ്വാസത്തിലും, മതം അതേപ്രകാരം തന്നെതത്വശാസ്ത്രത്തിലും അടിസ്ഥാനമുറപ്പിച്ചു വരുന്നതായി നാം കാണുന്നു: ഇവതമ്മിൽ മുമ്പുണ്ടായിരുന്ന മത്സരം ക്രമേണ ഇല്ലാതായുംവരുന്നു. ഇവതമ്മിൽ അന്യോന്യം യോജിച്ചും തെററുകൾതിരുത്തിയും വർത്തിക്കുന്നു. അതിനാൽ തീർച്ചയായും ആ ആശാസ്യമായ സമ്മേളനത്തിൽ നിന്നു അനുകരണീയമായ ഒരുവേദാന്തസമ്പ്രദായവും ഉണ്ടാകുമെന്നു ഊഹിക്കുവാൻ സകലലക്ഷണങ്ങളും കാണുന്നുണ്ട്.

(തുടരും.)

# ശാരദാസ്തവം

വി. ശങ്കരൻ.
മുരുക്കുംപുഴ.

(തുടർച്ച)

നാകാധിനാഥ, നജ, നച്യുതനും തടുക്കാ-
നാകാത്തതാണു വിധിതൻഗതിയോർക്കിലമ്മേ!
പാകാതിരിക്കുമെഴുമാ—വിധി, വാസനയ്ക്കു-
രാ, കാട്ടി ... സഹചാരിണിപോലെവാഴ്വൂ ൯

നിർവ്വാദ ... വലവാസനയാലുയർന്നാ
ദുർവ്വാരകർമ്മഗതബന്ധമൊഴിപ്പതാമോ?
ദുർവ്വാസനയ്ക്കടിമയായടിയൻനിസർഗ്ഗ
നിർവ്വാണനിർവൃതിമറന്നു മദിച്ചിടുന്നു. ൧൦

ആരബ്ധകർമ്മമഖിലം പരിചിന്തചെയ്കിൽ
പ്രാരബ്ധകർമ്മമതസ്യത്യവരുന്നതാവാം?
സ്വാരസ്യസാരനിലയേ! നിജവാസനയ്ക്കു
സാരജ്ഞരും തുടുതി കീഴ്പെടുമെന്തുചിത്രം? ൧൧

ഞാ, നിപ്രപഞ്ചപുളുമൂട്ടപടം പുതച്ച്
മാനിച്ചനന്തവിധ വാസന സംഭരിച്ചേൻ
ജ്ഞാനിയ്ക്കുമാത്തിയതുളുംപെടുവാസനയ്ക്കു
ഞാനിന്നുമാശ്രിതനിതെന്നു വിടുന്നിതമ്മേ! ൧൨

ആസന്നവാസനസദാ വിഷയോപഭോഗ-
ഷാസക്തിനൽകി, യതിനെത്തുടരുന്നുജീവൻ
നീ, സവ്കർമ്മഗുണദോഷമറിഞ്ഞവയ്ക്കു
നൈസർഗ്ഗികംഫലവുമേകുമിതാണുതത്വം. ൧൩

ക്ഷീരപ്രചാലനതകൊണ്ടുളവാംഫലംതാൻ
നീരത്തെവിട്ടുപുതുവെണ്ണലഭിപ്പതമ്മേ!
നീരന്ധ്രകർമ്മമൊടുവിൽഫലസിദ്ധിഗമ്യം
"പ്രാരബ്ധകർമ്മഫലമേ—വിധിതന്നെനൂനം" ൧൪

കാണിക്കുമിച്ചെറിയവാസനയെത്തടുക്കാൻ
കാണില്ലശക്തിയിതുതാനിഹലോകബന്ധം

ക്ഷീണിച്ചസംസ്മൃതിയിലാണ്ടുഴലുന്നൊരിഷ്ട-
പ്രാണിയ്ക്കുനീ "സുഖ"മെഴുംപദമേകിടേണം. ൧൪

ദാനപ്രശസ്തിയെഴുമസ്സുരപാദപത്തിൻ
ദാനത്തിനാലുമിയലാമമനിത്യസൌഖ്യം
ദീനന്നിവന്നിനിയതൊക്കെ വൃഥൈവ, സച്ചി-
ദാനന്ദരൂപ പദലബ്ധിനമുക്കപാരം ൧൫

സമ്പത്തിലൊ? സകലമാന്യപദത്തിലോ? സൽ-
സമ്പൎക്കമാന്ന നരപാലസുഖത്തിലോ? മേ,
അമ്പല്പമില്ല, യിനിവേണ്ടതുവിട്ടുചൊല്ലാം
നിമ്പത്തുതന്നെമതി, നീയിതിനെന്തുചൊൽവൂ? ൧൬

ഇല്ലാത്തവസ്തുതവ വൈഭവഹേതുനാസം-
ഫുല്ലാനമോദകരമാ "യിഹ" കണ്ടിടുന്ന
ഫുല്ലാദിലിംഗസഹിതം പ്രകൃതിയ്ക്കുഴന്നോ-
രുല്ലാസമാ, ണിതുമഹാപടുജാലവിദ്യാ. ൧൭

ത്രാസം, ഭ്രമം, ഭ്രമണമെന്നിവയാൽക്കഴക്കി
ഹാസംവരിയ്ക്കുമൊരുസംസൃതിതൻപ്രഭാവം
ശ്വാസംകിടക്കുമളവിങ്കലൊട്ടല്പവുംവി-
ശ്വാസംവരില്ല, മതിയേ — മതിനിൻെറജാലം ൧൮

ഞാനാണുവിപ്ര, നിവനോപറയൻ, വിശുദ്ധ-
സ്ഥാനാൎഹനാണഹ, മിവൻ മമ ഭൃത്യസത്വം
ഭൂനാഥപുത്രനഹ, മിങ്ങനെ കല്പയത്തി-
പ്പാനായ് സദാ മഷിതളിച്ചമരുന്നമായ. ൧൯

ഭ്രഷ്ടങ്ങളായ ശുനകാദികളൊന്നുമോക്കിൽ
ഭ്രഷ്ടങ്ങളല്ല, നരരിൽചിലരുണ്ടുപോലും
കഷ്ടം നരകളൊരുതുല്യനരൻനിനയ്ക്കും
ഭ്രഷ്ടല്ലിചിത്ര മിതിനാരുനിദാനമമ്മേ! ൨൦

തട്ടിട്ടോലുമാത്മസമഭാവമണഞ്ഞമൎത്ത്യ-
ക്കൊട്ടോട്ടുഭിന്നരുചിവേറൊരുമൎത്ത്യനെന്തേ?
മുട്ടോടടുക്കുമതിദുഷ്ടമൃഗങ്ങൾമുമ്പിൽ-
പ്പെട്ടോടിടുന്നവിധമോ ചിലമൎത്ത്യരൂപം. ൨൧

അന്യോന്യമാത്മസമഭാവന തേടിടേണ്ടോ-
രന്യോന്യ വൈരമൊടുജീവിതവൃത്തിചെയ്വൂ,
യന്യോഹ മദ്ധ്യനിവ, നെന്നവിഭേദമാണീ-
മാന്യോദ് ഗതിക്കുപരിബന്ധമണഞ്ഞതൊക്കെ. ൨൨

വങ്കപ്രഭുക്കളുടെ ദുഷ്ടമനോവിചാര-
ത്തിങ്കൽതഴച്ചുവളരുന്നൊരുജാതിഭേദം
സങ്കല്പജന്യ, മിതുയുക്തിവിരുദ്ധ,മാത്മ-
സങ്കല്പനയ്ക്കുപരമാം പരിശുദ്ധബോധം. ൯൪

ഒന്നല്ലിലോക മൊരുകൈകൊണ്ടിചെയ്യിതൊക്കെ
ക്ലിന്നപ്രബോധമതിനാല്പളവാകനന്നോ?
ഭിന്നതചമററ"തമസഃപര"മാംപദത്തിൽ-
നിന്നങ്കുരിച്ചചെറുവിത്തുകളാണുസർവം. ൯൫

മായെയന്ദ്രിജാലികവിചാലിത പിഞ്ഛികയ്ക്കു
കായേന്ദ്രിയാദിവശമാക നിമിത്തമേവം;
ലോകംവിഭിന്നരുചിയായ്വികൃതാവബോധ-
മേസ്റ്റാകം നിറന്തതമല്പടമായിഫകണ്ടിടുന്നു. ൯൬

മായയ്ക്കുസർവ്വ മധീനമതെങ്കിലുംനി-
മായയ്ക്കുമേൽവിലസുമുത്തമസാക്ഷിയല്ലേ?
നീ,യെന്ന്യെമൽക്കടെനശാന്തിവരുത്തുവാനാ-
യി,"യക്ഷമ"ന്നിതനിപ്പവിരിഞ്ചകന്യേ! ൯൭

സോപാധിദേവപരിസേവകരൊക്കെമോക്ഷ
സോപാനമെന്നുകരുതിബ്രഹ്മധാപിനിന്നെ,
ദീപാവലീബലികളാൽ പലദിവ്യമന്ത്രാ
ലാപാദിയാലനുദിനം പരിപൂജചെയ്വൂ. ൯൮

ഭവഭയപരിപീഡാദ്വേഷിണി!മാമകാന്ത
ർഭവന കനകതേജഃപുഞ്ജമേ!കഞ്ജവാസേ!,
ഭവമുഖവിബുധന്മാർനിത്യമർച്ചിച്ചുപോരും
ഭവതിഭഗവതിമേ ദിയതാ"മാത്മബോധം". ൯൯

സാരജ്ഞംതന്ന രഖിലരുമൊരേരൂപമാംതിന്നനാനാ
കാരജ്ഞ്രേമന്ന ാവ വിധതരമാംഭേദരൂപാശ്ചാസിപ്പൂ;
നീരത്തിങ്കൽപ്രചുരജനിതംഫേനസംഘാതമന്ത്യം
നീരത്തോടാംവിലയ,മതുപോൽ ശാരദേ!സർവ്വുംനി.

സംപൂർണ്ണം.

# രണ്ടുപദ്യം

(ഒരുചെറുകഥ.)

(തുടർച്ച)

---

വിദ്വാൻ വി കെ ശ്രീധരനുണ്ണി,

ഒരു ദിവസം, നല്ലകടലാസിൽ വൃത്തിയായി എഴുതിയിരുന്ന ഒരുശ്ലോകം മേശയിൽ നിന്നെടുത്തു ഒന്നുവായിച്ച മാലതിയുടെ ദേഹമാസകലം വല്ലാതെ വിറച്ചതിന്റെ കാരണമെന്താണെന്നു മാനസിക തത്വശാസ്ത്രജ്ഞന്മാർ പൂർവ്വപക്ഷസമേതം നമ്മളോടുകൂടി തീരുമാനിച്ചുകൊള്ളട്ടെ. നമുക്കു ചിലതെളിവുകൾ ശേഖരിക്കുന്നതിനു മാലതിയുടെ അനന്തരവിചാരങ്ങളേയും നിശ്ചയങ്ങളേയും ഒന്നു പരിശോധിച്ചുനോക്കാം: "അച്ഛൻ എന്നെ ആ ദുരഹങ്കാരിയുടെ അടിമയാക്കാൻ നിശ്ചയിക്കുകയോ? അയാൾക്കു വിദ്യാഭ്യാസമില്ല, സ്വഭാവഗുണം [illegible]ല്ല. കുറെപണവും ധാരാളം ദുരഭിമാനവും മാത്രം ഉണ്ട്. സ്വഭാവഗുണമുള്ള ഒരു പുരുഷന്റെ ഭാര്യയായിരിക്കുന്നതിനല്ലാതെ ധനത്തിന്റെയും ദുരഭിമാനത്തിന്റെയും ഭാര്യയാകുന്നതിനു ഞാൻ വിചാരിക്കുന്നില്ല. "മനസ്സിണങ്ങാത്ത പുരുഷ"ന്റെ കാന്തയായിരിക്കുന്നതിനേക്കാൾ "മരിക്കുന്നതാ"ണു "ഉത്തമം" എന്നാണല്ലോ സതിയായ സത്യഭാമ എന്നോടു പറ[illegible]ന്നതു്. അച്ഛൻ നിശ്ചയിച്ചുറപ്പിച്ചതാണെങ്കിലും ഈ വിവാഹത്തിൽ ഞാൻപങ്കുകൊള്ളുന്നതല്ല. അദ്ദേഹം ഇവിടെ നിന്നുപോയിട്ടു ഇപ്പോൾ രണ്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു എന്റെ ഹൃദയം അദ്ദേഹത്തിനല്ലാതെ ഇനി എനിക്കുകൂടി കീഴടങ്ങുമെന്നു തോന്നുന്നില്ല. ഓഹോ! നാളെയാണല്ലോ വിവാഹം. എന്തു്? എനിക്കിനിവിവാഹമോ? ഇന്നുതന്നെ വിഷംകുടിച്ചു മരിച്ചാലെന്താണു്? പാടില്ല, അതുംഎന്റെ വിദ്യാഭ്യാസത്തിനു അനുകൂലമല്ല. അച്ഛന്റെ നിശ്ചയത്തിനു കീഴടങ്ങിയാലോ, ഏയ് അതൊട്ടും ശരിയല്ല. അതു അബലകളുടെ ചപലതയാണു്. അദ്ദേഹം പോയതിനുശേഷം ഈ രണ്ടുവർഷംമുഴുവൻവിദ്യാഭ്യാസത്തിനുതന്നെ ഉപയോഗിച്ചുകൊണ്ടും അദ്ദേഹം വീണ്ടും മടങ്ങിവരുമെന്നുള്ള പ്രത്യാശകൊണ്ടുംവലിയക്ലേശം കൂടാതെകഴിച്ചുകൂട്ടി. ആകട്ടെ ഒരുപാ

യമുണ്ട്. പക്ഷേ അമ്മയ്ക്കുവല്ല കുണ്ഠിതവും വ്യസനവുംനേരിട്ട
മോ ആവോ; ഏതായാലും ശരി മറ്റൊരാൾമാർഗ്ഗവും കാണുന്നില്ല.
മദ്രാസിലായിരിക്കാമെന്നല്ലേ വക്കീലിന്റെ മാപ്പ് എന്നോടുപറ
ഞ്ഞതു്". ഇങ്ങനെ ചിലതെല്ലാം ആലോചിച്ചു മാലതി, അ
മ്മയ്ക്കു ഒരെഴുത്തെഴുതിമേശപ്പുറത്തു വച്ചിട്ടു അന്നുതന്നെരാത്രി
അഞ്ചുമണിക്കുള്ള വണ്ടിക്കു മദ്രാസിലേക്കു പുറപ്പെട്ടു.

പിറേറദിവസം ചന്ദനശ്ശേരിയിൽ നടന്ന സംഭവങ്ങൾ ഊ
ഹിച്ചറിഞ്ഞാൽ മതി. അന്നവിടെ കൂടിയവരിൽ ഭൂരിപക്ഷം
ആളുകളും കുട്ടി കേളുമൂപ്പനെ നിന്ദിക്കുകയും മാലതിയെ നന്ദിക്കു
കയും ലക്ഷ്മിഅമ്മയെ ആശ്വസിപ്പിക്കുകയുമാണുചെയ്തതു്. മാ
ലതിയുടെ എഴുത്തു കണ്ടതുകൊണ്ടും ജനങ്ങളുടെ സാന്ത്വനവാക്കു
കൾ കേട്ടതുകൊണ്ടും മനഃപാകം ധാരാളം ഉണ്ടായിരുന്നതുകൊ
ണ്ടും ലക്ഷ്മിഅമ്മ സാഹസപ്രവൃത്തികൾക്കൊന്നിനും തുനിയാ
തെ ഈശ്വരധ്യാനത്തോടുകൂടി കാലംകഴിച്ചുവന്നു. അക്ക
ല്ലത്തെ കച്ചവടത്തിൽ കുറെ അധികംപണം നഷ്ടപ്പെട്ടു എന്നു
മാത്രമല്ലാ, ഒന്നുരണ്ടുകേസ്സുകളിൽ പ്രതിയാകാനിടയായതു കൊ
ണ്ടു വക്കീൽ ഗുരുക്കന്മാരെ പൂജിച്ചും ഉദ്യോഗസ്ഥദേവതകളെ
ആരാധിച്ചും തുടങ്ങിയതോടുകൂടി നിക്ഷേപമായിരുന്ന സ്ഥാവരജം
ഗമവസ്തുക്കൾ പണയത്തിലാക്കാനും കുട്ടികേളുമൂപ്പൻ തുടങ്ങി
മൂപ്പനു കുറെശ്ശെഭ്രാന്തിന്റെ ലക്ഷണവും ആരംഭിച്ചു. ചന്ദന
ശ്ശേരി വകമാളികകളിൽ ചില ഉദ്യോഗസ്ഥന്മാരും വക്കീലന്മാ
രും താമസമാക്കിയതോടുകൂടി ലക്ഷ്മിഅമ്മ അവരുടെ വിശ്വാ
സ്ഥയായ ഒരു പരിചാരികയോടുകൂടി ഒരു ചെറിയ ഗൃഹത്തിലേ
ക്കു മാറിത്താമസിക്കേണ്ടിവന്നു. ഒരു ദിവസം കുട്ടികേളുമൂപ്പനെ
കണ്ടില്ല. എന്നു നാടെങ്ങും ജനശ്രുതി പരന്നപ്പോൾ ലക്ഷ്മി
അമ്മമാത്രം നിർവ്യാജം വ്യസനിച്ചു. ആ അമ്മയുടെ ആപൽ
ബന്ധുക്കളിൽ പ്രധാനി രാമകുമാരൻ വക്കീലായിരുന്നു.

iv

പുതിയ രീതിഅനുസരിച്ചു അതിഭംഗിയിൽ പണിയിച്ചിട്ടു
ള്ള ഒരു മൂന്നുനിലകെട്ടിടത്തിലാണു "സുദർശനം" ബാങ്കിന്റെ ഉ
ടമസ്ഥൻ താമസിക്കുന്നതു്. അടുത്തുള്ള, ചെറിയ പൂന്തോട്ടവും.
ആ കെട്ടിടവും കാണുന്നവർ കുറേ നേരമെങ്കിലും അവയെ നോ
ക്കിനിന്നു ആനന്ദിച്ചതിനു ശേഷമല്ലാതെഅവയുടെ മുൻഭാഗത്തു
ള്ള റോഡിൽ കൂടി ഗതാഗതം ചെയ്യുകപതിവില്ല. കെട്ടിടത്തി
ലെ മുറികളെപ്പററിയും അകത്തുള്ള സാമാനങ്ങളെപ്പററിയും
വർണ്ണിക്കുന്നതിനു ഒന്നുകൂടികണ്ടുപരിശോധിച്ചതിനുശേഷമേ നി

ർവ്വാഹമുള്ളു. അതിൻെറ രണ്ടാമത്തെ നിലയിൽ ഉള്ള പ്രധാനമുറിയിൽ ഒരു മേശയുടെ അരികേ കസാലയിലിരിക്കുന്ന ആറംസു മുഖനും സൌമ്യനുമാണെങ്കിലും അസാധാരണമായ ഒരു പൌരുഷതേജസ്സ് അദ്ദേഹത്തിൻെറ മുഖത്തുനല്ലവണ്ണം കളിയാടുന്നുണ്ട്. വയസ്സ് ഇരുപത്തിനാലിൽ കൂടുതലായിട്ടില്ലെന്നു തീർത്തുപറയാം ഒരു കണക്കുബുക്കു കയ്യിൽപിടിച്ചുകൊണ്ടു അദ്ദേഹത്തിൻെറ അടുത്തു ആദരവോടുകൂടിനില്ക്കുന്ന യുവാവിനെക്കണ്ടാൽനിലയുംനോട്ടവും മുഖഭാവവുംകൊണ്ടു അതിശാന്തനാണെന്നു തോന്നുമെങ്കിലും മേൽമീശ അതിനെ നല്ലവണ്ണം പരിഹരിക്കുന്നുണ്ടു. ബങ്കാളിമട്ടിലുള്ളവലിയ തലക്കെട്ടും ഉടുപ്പുമാണു അദ്ദേഹം ധരിച്ചിരിക്കുന്നതു്. വയസ്സുപതിനാറിനും പതിനെട്ടിനും മദ്ധ്യത്തിൽ നില്ക്കുമെങ്കിലും ഡ്രസ്സും മേൽമീശയും അതിലല്പം കൂടുതലായിതോന്നിക്കും, ഇവരിൽ ഒരാൾ "സുദർശനം" ബാങ്കിൻെറ ഉടമസ്ഥനും മറെറയാൾഹെഡ്ക്ലർക്കുമാണു.

മാനേജർ—ഇക്കൊല്ലത്തെ കണക്കുകൾ പരിശോധിച്ചതിൽ വളരെ തൃപ്തികരമായിരിക്കുന്നുവെന്നു ആഡിററർ ഇവിടെഅറിയിച്ചിരിക്കുന്നു. ഇക്കൊല്ലത്തെ ആദായം അൻപതിനായിരം ഉറുപ്പികയാണ് അല്ലേ?

ക്ലക്ക്—അതെ.

മാനേജർ—നിങ്ങളുടെ പരിശ്രമത്തെ ഞാൻ വളരെ അഭിനന്ദിക്കുന്നു.

ക്ലക്ക്—അങ്ങയുടെ ഉപദേശങ്ങൾ തന്നെയാണു ഈ അഭിനന്ദനത്തെ അർഹിക്കുന്നതു്.

മാനേജർ—മൂലധനം പതിനഞ്ചുലക്ഷം ഉറുപ്പിക തികഞ്ഞിട്ടുള്ളതുകൊണ്ടു ഇപ്പോൾകിട്ടിയ ഈ ആദായം മുഴുവനും മുൻപതിവനുസരിച്ചു ധർമ്മവിഷയമായി ചിലവിടുന്നതിനാണു നിശ്ചയിച്ചിരിക്കുന്നതു്. നിങ്ങളുടെ അഭിപ്രായമെന്താണ്?

ക്ലക്ക്—അങ്ങയുടെ അഭിപ്രായങ്ങളെ ഗവർമ്മെണ്ടുകൂടി പ്രതികൂലിക്കപതിവില്ലാത്ത സ്ഥിതിക്കു ഇങ്ങനെ ഒരു ചോദ്യമുണ്ടായതിൽ ആശ്ചര്യപ്പെടാതിരിക്കാൻ നിവൃത്തികാണുന്നില്ല.

മാനേജർ—എല്ലാവരുംചെയ്യുവരുന്നമാതിരി സ്തുതിപാഠം നിങ്ങളും പഠിച്ചു കഴിഞ്ഞു, അല്ലേ?

ക്ലാക്ക്—സ്വഭാവോക്തിയിൽ അതിശയോക്തിസ്പർശംപോലും കുറവാണെന്നാണ്, കള്ളംപറയാൻ പഠിപ്പിക്കുന്ന ആലങ്കാരികന്മാരും സമ്മതിച്ചിട്ടുള്ളതു്.

മാനേജർ—സംഗതിഎങ്ങനെ ഇരുന്നാലും നിങ്ങളുടെ യു

കതിവാദംഎന്നെനല്ലവണ്ണം രസിപ്പിച്ചിട്ടുണ്ട്. നിങ്ങളെ എൻെറ സഹായിയായികിട്ടിയതിൽ ഈ ഒരു കൊല്ലം മുഴുവൻ എനിക്കു സന്തോഷകാലംതന്നെയായിരുന്നു. അതിൻെറ സ്മാരകമായി ഇതു നിങ്ങളുടെ വിരലിൽ എന്നും എനിക്കുകാണണം" എന്നു പറഞ്ഞു രത്നംപതിച്ച ഒരു മോതിരം ക്ലാർക്കിനു സമ്മാനിച്ചു. ക്ലാർക്കു ആദരവോടുകൂടി അതുവാങ്ങി ആപ്പീസ്സുമുറിയിലേക്കുപോയി. ഉടനെ ഒരു ഭൃത്യൻ മാനേജരുടെ അടുക്കൽവന്നു "ഒരാൾ എജമാനനെക്കാണുന്നതിനു കാത്തുനില്ക്കുന്നു" എന്നുപറഞ്ഞു, മാനേജരുടെ അനുവാദപ്രകാരം അതിഥിയെ കൂട്ടിക്കൊണ്ടുവന്നു. മാനേജർ അല്പം സംശയത്തോടുകൂടി എഴുന്നേററു; ആഗതനോടു അടുത്തുകിടക്കുന്ന കസാലയിലിരിക്കാൻ പറഞ്ഞു. അലക്ഷ്യമായി ഒന്നു ചിരിച്ചതല്ലാതെ ആഗതൻ മറെറാന്നും ചെയ്തില്ല.

മാനേജർ — എന്നെക്കൊണ്ടുവല്ല കാൎയ്യവും നിങ്ങൾക്കു സാധിക്കേണ്ടതുണ്ടോ?

ആഗതൻ — എനിക്കു ആഹാരത്തിനു യാതൊരു വഴിയുമില്ല, എന്നെരക്ഷിക്കണം എന്നുപറഞ്ഞു ഒന്നുകൂടിചിരിച്ചു. അയാൾക്കു കുറച്ചു ചിത്തഭ്രമമുണ്ടെന്നു മനസ്സിലാക്കിയ മാനേജർ അയാളുടെ കുളിയും ഊണിനും ഏൎപ്പാടുചെയ്തയച്ചു. സുഭിക്ഷമായി ഊണുംകഴിഞ്ഞു, അയാൾവീണ്ടും മാനേജരുടെമുറിയിൽ പ്രവേശിച്ചു. (തുടരും)

---

# പത്രാധിപക്കുറിപ്പുകൾ

---

ഭാരതമഹാജനസഭ. ഈ മഹായോഗത്തിൻെറ ൩൫-ാമത്തെ വാർഷികസമ്മേളനം നാഗപുരത്തുവച്ചു ശ്രീമാൻ വിജയരാഘവാചാൎയ്യർ അവർകളുടെ അദ്ധ്യക്ഷതയിൽ ബഹുകേമമായി ഡിസംബർ ൨൬-ാനു കൂടുകയും ൩൧-ാനു അവസാനിക്കയും ചെയ്തിരിക്കുന്നു. പ്രതിനിധികളുടെ എണ്ണംകൊണ്ടും അവരുടെ സ്വാതന്ത്ര്യവും ഭിന്നഭിന്നവുമായ അഭിപ്രായ പ്രകടനങ്ങൾകൊണ്ടും ഈ യോഗം ഇതേവരേ കൂടിയയോഗങ്ങളെ അപേക്ഷിച്ചു എത്രയോ പ്രാമുഖ്യമുള്ളഒന്നാകുന്നു. പ്രതിനിധികളുടെസംഖ്യ ൨൨൦൦൦ എന്നുപറഞ്ഞാൽതന്നെ ആ യോഗത്തിൻെറ വലിപ്പം ആൎക്കും ഊഹനീയമാണ്. എത്രയോ വിശാലമായികെട്ടിഉണ്ടാക്കിയ ആ മഹായോഗപന്തലിൽ തിക്കും തിരക്കുംശബ്ദവും ഇന്നവിധമെ

കെയായിരുന്നു എന്നു വർണ്ണിപ്പാനസാദ്ധ്യം. ജനങ്ങളുടെ അത്യാശയും ആസക്തിയും യോഗനടപടികളിൽ പങ്കുകൊള്ളുവാനുള്ള ഉത്സാഹവും അത്യാശ്ചര്യജനകമായിരുന്നു. ഇവരുടെ ആഗ്രഹപൂർത്തിക്കായി മഹാത്മാഗാന്ധിയുംമററും പന്തലിന്റെപുറത്തും പ്രസംഗങ്ങൾ നടത്തുകയുണ്ടായി. മററുവർഷങ്ങളിലെയോഗങ്ങളെ അപേക്ഷിച്ചു നോക്കുന്നതായാൽ ഈ യോഗം മറെറാരു കാര്യംകൊണ്ടുകൂടി വിസ്മരിച്ചുകൂടാത്തതാണ് എന്ന് കല്ക്കത്തയിലെ ഒരുപത്രംപറയുന്നു. അതു ഈ കൊല്ലത്തിൽ ഭാരതിയവനിതകൾ രാജ്യകാര്യങ്ങളിൽ കാണിച്ചിരുന്ന ഉത്സാഹമാണത്രെ മററുപലകാരണങ്ങൾകൊണ്ടും വ്യസനിക്കത്തക്കതായെന്നങ്കിലും യോഗത്തിൽ സന്നിഹിതരായ സ്ത്രീജനങ്ങളുടെ സംഖ്യ പുരുഷന്മാരെ അതിക്രമിച്ചിരുന്നു എന്നത് സന്തോഷംവഹമായിട്ടുള്ളതു തന്നേ സഹകരണത്ത്യാഗ ന തിന്റെ ന്യൂനതകളെവിടപാനുംമഹാമനസ്കനുമായ അദ്ധ്യക്ഷൻഅവർകൾ വിശേഷമായിതന്റെ സരസവും ഗംഭീരവുമായ പ്രസംഗംകൊണ്ടു തെളിയിച്ചിരിക്കുന്നു. സഹകരണത്ത്യാഗികൾ വിദ്യാർത്ഥികളെ സ്കൂളുകളിൽനിന്നുവിട്ടുപിരിപ്പിക്കുന്നതും സ്ഥാനമാനങ്ങളെപരിത്യജിപ്പിക്കുന്നതുംമററും നിരർത്ഥകങ്ങളായ ക്രിയകളാണെന്നു അദ്ദേഹം അഭിപ്രായപ്പെടുന്നു. എന്നാൽ സ്വീകരണ കമ്മിററിയുടെ അദ്ധ്യക്ഷനായ ശ്രീമാൻ സേട്ടുഗാമൽദാസ് ഈ അഭിപ്രായക്കാരനല്ല. ബ്രിട്ടീഷ്കാരുമായിട്ടുള്ള ബന്ധംതീരെ വെടിഞ്ഞിട്ടു "സ്വരാജ്യം ഇൻഡ്യക്കു ലഭിക്കണമെന്നുള്ള മഹാത്മാഗാന്ധിയുടെ അഭിപ്രായത്തോടു ശ്രീമാൻ പണ്ഡിതമദന മോഹനമാളവ്യയുംമററും തീരെ യോജിക്കുന്നില്ല. അതുശരിയല്ലെന്നു മാത്രമല്ല അതു ഇഡ്യയുടെ ഭാവിക്കു ഹാനികരവുമാണെന്നാണു ഞങ്ങളുടെ എളിയ അഭിപ്രായം ഇംഗ്ലീഷ്ഭരണത്തെ പൈശാചികമെന്നുംമററും അധിക്ഷേപിക്കുന്ന മഹാത്മാഗാന്ധി നമ്മുടെ ഭാരതിയരുടെ ഇടയിലുള്ള പൈശാചികമായ ജാതിസ്പർദ്ധയേയും നാട്ടുരാജാക്കന്മാരുടെ സമ്പ്രദായങ്ങളേയും കാണാത്തതിൽ ഞങ്ങൾക്കു അത്ഭുതം തോന്നുന്നു. ശ്രീരാമനാണത്രേ ഇഡ്യാക്കാരുടെ ആദർശരാജകുമാരൻ. ഇദ്ദേഹത്തിന്റെ ഭരണകാലത്തു ഒരു ശൂദ്രൻ ഈശ്വരനെഭജിച്ചതുകൊണ്ടു കുലക്കുററത്തിനു പാത്രമായ കഥഓർത്താൽ എന്നിയും ആ "സ്വരാജ്യം" വരാതിരിപ്പാനെ മനുഷ്യർക്കു പ്രാർത്ഥിപ്പാൻ സാധിക്കു.

# വിശ്വമഹാവേദം

ലോകജീവിതരഹസ്യങ്ങളെപ്പററി വൈദികമാർഗ്ഗത്തിൽക്കൂടി അനേകതത്വങ്ങളെ പ്രതിപാദിക്കുന്ന ഒരു വിശിഷ്ടഗ്രന്ഥമാണ് ഇതു. പുരാതനതത്വശാസ്ത്രങ്ങളെ കൂലങ്കഷമായി പരിശോധിച്ചു നവീനതത്വങ്ങളോടുസംഘടിപ്പിച്ചിട്ടുള്ള ഈ ഗ്രന്ഥം ജീവിതയാത്രയെ സുകരമായി നിർവ്വഹിക്കാൻ വിചാരിക്കുന്നവർ അവശ്യം വായിച്ചറിഞ്ഞിരിക്കേണ്ടതാകുന്നു. പ്രൌഢങ്ങളായ ആശയങ്ങളെ ലളിതഭാഷയിൽ വിവരിച്ചിട്ടുള്ള ഇതിലെ തത്വങ്ങൾ സാധാരണന്മാർക്കുപോലും എളുപ്പത്തിൽ ഗ്രഹിക്കാൻ കഴിയും. അച്ചടിച്ചു തുടങ്ങിയിരിക്കുന്നു. ആവശ്യക്കാർ ഉടൻ അപേക്ഷിക്കുക. ഗ്രന്ഥകർത്താ ദിവ്യശ്രീ ശിവപ്രസാദസ്വാമികൾ.

ആവശ്യപ്പെടേണ്ടും മേൽവിലാസം—

പി. കെ. പത്മനാഭൻആശാൻ

"ഭാരതദീപം" ആഫീസ്,— കൊല്ലം.

REGISTRED No. T. 61.

# ഭാരതദീപം.

| വരിസംഖ്യ. | | പരസ്യക്കൂലി. | |
|---|---|---|---|
| ആണ്ടിൽ | രണ്ടു രൂപാ | വരിമന്നിനു ഒരു പ്രാവശ്യത്തേക്കു | രണ്ടണ |
| ആറു മാസത്തേക്കു | ഒരു രൂപാ | ഒരിഞ്ചിനു ഒരു കൊല്ലത്തേക്കു | ൨൦ രൂ. |
| | മുൻകൂർ. | കൂടുതൽ വിവരം അറിയേണ്ടവർ മാനേജരോടു | |
| ഒററപ്രതിക്കു | നാലണ | എഴുതിച്ചോദിക്കുക | |

## പ്രത്യേക അറിയിപ്പ്.

ലേഖനങ്ങളും, അഭിപ്രായത്തിനായുള്ള പുസ്തകങ്ങളും മാററത്തിനയയ്ക്കുന്ന പത്രങ്ങളും പത്രാധിപർ ഭാരതദീപം ആഫീസ്— കൊല്ലം ശ്രീകൃഷ്ണവിലാസത്തിലും പണസംബന്ധമായ എഴുത്തുകുത്തുകൾ മാനേജർ, പി. കെ. പത്മനാഭൻ ആശാൻ ഭാരതദീപം ആഫീസ് കൊല്ലം ശ്രീകൃഷ്ണവിലാസത്തിലും അയയ്ക്കേണ്ടതാണ്. ലേഖനം മഷികൊണ്ടു വൃത്തിയായി കടലാസിന്റെ ഒരുവശത്തുമാത്രം എഴുതി ലേഖകന്മാർ പ്രതിമാസം ൧൫-ാംനുക്കകം കിട്ടത്തക്കവണ്ണം അയച്ചുതരണമെന്നു അറിയിച്ചുകൊള്ളുന്നു.

എന്ന്, മാനേജർ,
"ഭാരതദീപം" ആഫീസ്. കൊല്ലം.


# കവനപോഷിണി

കവിതകൾ അയച്ചുതരണം.

ആറുമാസത്തെ വരിസംഖ്യ മുൻകൂർ അയച്ചു അപേക്ഷിക്കുക. ൧൦൯൯ ധനു ൧-ാംനു പുറപ്പെട്ടിരിക്കുന്നു. വരിക്കാരുടെ കവിതമാത്രമേ ചേർക്കൂ. ആണ്ടിൽ വരിസംഖ്യ രണ്ടു രൂ. മാത്രം.

മാനേജർ, കെ. സി. കേശവൻ
കവനപോഷിണി
ക്യാമ്പ് കോട്ടുക്കൽ
പോസ്റ്റ് — പുനലൂർ • അഞ്ചൽ


Printed and Published by Kettumgacherril P. K. Padmanaban Ashan, at the Sri Krishna Vilas Press QUILON.